# UPDATE




Sometimes you need a change not because something is outdated
but because it needs to be updated.

**NARAYANAN NAIR MEMORIAL**
**HIGHER SECONDARY SCHOOL**

Chelembra

റ ോ ീ മ യ ീ മ റ




**എഡിറ്റോറിയൽ ബോർഡ്**

രാജേഷ് കെ.
ജെസി ജോൺ
നിവേദിത കെ
ഷഹ്സ സ്വാനി സി.കെ
റിഷികേഷ് സി
അനന്യ. കെ.പി
അഭിഷേക് സി
മുഹമ്മദ് അഫ്നൻ കെ
ആര്യ എം

# Message

നാരായണൻ നായർ മെമ്മോറിയൽ ഹയർസെക്കന്ററിസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന കലാ സൃഷ്ടികളുടെ സമാഹാരം ഡിജിറ്റൽ മാഗസിൻ രൂപത്തിൽ പുറത്തിറക്കുന്നു. ഈ കലാ സൃഷ്ടിയോട് അനുകൂലമായി പ്രതികരിച്ച എല്ലാവർക്കും അഭിനന്ദനം അറിയിക്കുന്നതോടൊപ്പം എല്ലാ വിധ ആശംസകളും അറിയിക്കുന്നു

**മനോജ് കുമാർ പി.**
പ്രിൻസിപ്പൾ
എൻ.എൻ.എം.എച്ച്.എസ്.എസ് ചേലേമ്പ്ര

എൻ.എൻ.എം.എച്ച്.എസ് ചേലേമ്പ്രയുടെ ആദ്യ ലിറ്റിൽ കൈറ്റ്സ് മാഗസിൻ നമ്മുടെ വിദ്യാലയത്തിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളുടെ ഒരു പരിഛേദം തന്നെയാണ്. ആ അർത്ഥത്തിൽ അപ്ഡേറ്റിന് എല്ലാവിധ ആശംസകളും നേരുന്നു.

**ആർ.പി. ബിന്ദു**
ഹെഡ്മിസ്ട്രസ്
എൻ.എൻ.എം.എച്ച്.എസ്.എസ് ചേലേമ്പ്ര

# ആമുഖം

പ്രിയരെ...

ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ കുതിച്ച് ചാട്ടം നടന്ന് കൊണ്ടിരിക്കുന്ന വർത്തമാനകാല സാമൂഹ്യ ജീവിതത്തിൽ ഓരോ മനുഷ്യനും അനുനിമിഷം അപ്ഡേറ്റാവേണ്ടിയിരിക്കുന്നു. കേട്ട് കേൾവി പോലുമില്ലാത്ത കേവലമൊരു വൈറസ് മാനവരാശിയുടെ ജീവിതക്രമം തന്നെ അടിമുടി മാറ്റിമറിച്ചിരിക്കയാണ് ശാസ്ത്രത്തിന്റെയും മനുഷ്യരാശിയുടേയും പുരോഗമനപരമായ കുതിച്ച് ചാട്ടത്തിന് ഈ വൈറസിന്റെ വരവ് പ്രതിബന്ധങ്ങൾ ഉണ്ടാക്കിയെങ്കിലും, പുതിയ പന്ഥാവ് വെട്ടിതുറന്ന് നാം മുന്നേറുക തന്നെയാണ്.

ഈയൊരു സാഹചര്യത്തിൽ നമ്മളോരോരുത്തരും **'update'** ചെയ്യപ്പെടുകയാണെങ്കിലേ പുതിയ വാതായനങ്ങളിലേക്ക് നമുക്ക് എത്താൻ സാധ്യമാകൂ. മാത്രമല്ല വർത്തമാനകാലത്ത് **'update'** എന്നത് അതിജീവനത്തിന്റെ പര്യായം കൂടിയായിരിക്കയാണ്. വിദൂരങ്ങളിലിരിക്കുന്ന കുട്ടികളോട് സംവദിക്കുന്ന നമ്മളും അറിഞ്ഞോ അറിയാതെയോ അപ്ഡേഷന്റെ പാതയിലാണ് നമ്മളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മകമായ കഴിവുകളുടെ **'updation'** ആണ് ഈ ഡിജിറ്റൽ മാഗസിൻ എന്ന് വിശ്വസിച്ച് കൊണ്ട്......

**ചീഫ് എഡിറ്റർ.**

# താളുകളിലൂടെ


| | |
|---|---|
| ഒരു വിദ്യാർത്ഥിയുടെ അധ്യാപക സ്മരണകൾ | 6 |
| ഗുരുവിന്റെ ശബ്ദം | 8 |
| എന്റെ അച്ഛൻ | 9 |
| ഗുരുദക്ഷിണ | 10 |
| കോവിഡ് 19 | 11 |
| ഞാനറിഞ്ഞ് | 12 |
| എന്റെ കേരളം | 13 |
| മനുഷ്യൻ | 14 |
| പനിനീർപ്പൂക്കൾ | 14 |
| നിക്ക് സ്കൂളി പോണം | 15 |
| കല്യാണിയമ്മയുടെ കോവിഡ് 19 | 16 |
| ഒരു ഹരിതയാത്രാ മധുരം | 18 |
| കോവിഡും കേരളവും | 19 |
| ലോക്ക് ഡൗൺ | 21 |
| ലോക്ക് ഡൗൺ ചങ്ങല പൊട്ടുമ്പോൾ | 22 |
| സൈലൻസ് | 23 |
| ഭയം | 24 |
| എന്റെ കൊറോണിയൻ കാലം | 25 |
| നിർവചനങ്ങൾ | 26 |
| ഒരു ആസ്വാദനക്കുറിപ്പ് | 27 |
| ഒരു ഡിജിറ്റൽ മാഗസിൻ അനുഭവം | 28 |
| എന്റെ ഗുരുനാഥന്മാർ | 29 |
| സ്വപ്നജാലകം | 30 |
| ഖസാക്കിന്റെ ഇതിഹാസം ഒരു ആസ്വാദനം | 31 |
| ശാസ്ത്രമേള | 33 |
| അമ്പിളിയാത്ര | 34 |
| അസ്തമയം | 35 |
| അകലാതെ അകലാം | 36 |
| ടീച്ചർ | 36 |
| വേനൽ | 38 |
| മഹാത്മാ ജ്യോതിബാ ഫൂലെയുടെ വിദ്യാഭ്യാസചിന്തകൾ | 40 |
| പെണ്ണായാലെന്താ? | 40 |
| Merits and Demerits of Social Media | 41 |
| ഡിജിറ്റൽ ഗുരുത്വം | 42 |
| കുട്ടി പഠിപ്പിച്ച പാഠം | 43 |

# ഒരു വിദ്യാർത്ഥിയുടെ അധ്യാപകസ്മരണകൾ

**ബിന്ദു ആർ. പി.**
പ്രധാനാധ്യാപിക,
എൻ. എൻ. എം. എച്ച്. എസ്. എസ്, ചേലേമ്പ്ര.



സ്കൂൾ പഠനകാലത്ത് നാട്ടുമാവിൻ ചുവട്ടിൽ വാഴക്കൂട്ടങ്ങൾക്ക് ക്ലാസെടുത്തുകൊണ്ടാണ് എന്റെ അധ്യാപനം തുടങ്ങുന്നത്. പിന്നീട് കോളേജിൽ ചേർന്ന സമയം എനിക്ക് ഒൻപത് പഠിതാക്കൾ ഉണ്ടായിരുന്നു. സാക്ഷരതാ മിഷനുമായി ചേർന്ന് ഞാൻ ഏറ്റെടുത്ത 60നും 90നും ഇടയിൽ പ്രായമുള്ള പഠിതാക്കൾ ഉച്ചക്ക് എന്റെ വരവും കാത്ത് ഇരിപ്പുണ്ടാവും ഊണും ചായയുമെല്ലാം മത്സരിച്ച് നൽകികൊണ്ട്, അസുഖം വന്നപ്പോൾ എന്നെ കാണാഞ്ഞ് സ്ളേറ്റുമായി തിരഞ്ഞ് വന്ന ചീരു മുത്തശ്ശിയെ കണ്ട അനുഭവം വാർത്തയായി.

അധ്യാപകകുടുംബത്തിൽ പിറന്നു എന്നതിനേക്കാൾ സ്വതന്ത്രമായി ചിന്തിക്കുവാനും തീരുമാനമെടുക്കാനും കുടുംബാന്തരീക്ഷം സഹായിച്ചു എന്നതാണ് അധ്യാപനം തെരഞ്ഞെടുക്കുന്നതിൽ കലാശിച്ചത്. ഒന്നാം ക്ലാസ് മുതൽ ഞാൻ കണ്ടും പരിചയിച്ചും വന്ന എന്റെ ഗുരുനാഥർ ഓരോ വ്യത്യസ്ഥ ഉദാഹരണങ്ങളായിരുന്നു. ആദ്യ ഗുരുനാഥൻ ശ്രി സി.കെ മാധവൻ മാസ്റ്റർ. എന്റെ അച്ഛൻ. അവിടെ ഒരിക്കലും മകൾ എന്ന പദവി എനിക്കോ അച്ഛൻ എന്ന പദവി അദ്ദേഹത്തിനോ തടസ്സമായില്ല. പലരും ഇത്തരം പദവികൾ ആസ്വദിക്കുമ്പോൾ മറ്റ് കുട്ടികളോടൊപ്പം ഞാനത് നോക്കി നിൽക്കുമായിരുന്നു. സ്കൂളിലേക്ക് സ്വർണ കമ്മൽ ധരിച്ച് പോവാൻ വാശിപിടിച്ച എന്നോട് ക്ലാസിൽ എത്ര കുട്ടികൾക്ക് കമ്മൽ ഉണ്ടെന്ന് മനസ്സിലാക്കിവരാൻ പറഞ്ഞ അദ്ദേഹം ഒരു വലിയ ഉത്തരവാദിത്തമാണ് എന്നെ ഏല്പിച്ചതെന്ന് പിന്നീട് തിരിച്ചറിഞ്ഞ ഞാൻ സ്വർണാഭരണങ്ങൾ എന്നന്നേക്കുമായി ഉപേക്ഷിച്ചു.

ഫസ്റ്റ് ബെല്ലിന് മുമ്പ് പൊതു ശുചീകരണം. അത് കഴിഞ്ഞ് ക്ലാസിൽ എത്തിയാൽ സി.കെ മാഷ് ആദ്യം പരിശോധിക്കുന്നത് പല്ല്, നഖം ഉടുപ്പ്, നടപ്പ് എന്നിവയാണ്. തെരഞ്ഞെടുത്ത കുട്ടികളെ വരിയായി നിർത്തി ഉപ്പുമാവ് പുരയിൽ നിന്നെടുത്ത കരിക്കട്ടയുമായി സ്കൂളിനോട് ചേർന്നൊഴുകുന്ന തോട്ടിലേക്ക് നടത്തും. ഓരോരുത്തരെയായി പല്ല് തേപ്പിച്ച് കുളിപ്പിച്ച് തിരിച്ചെത്തിയ ശേഷം അവരവരുടെ സ്ഥാനത്ത് ചമ്രം പടിഞ്ഞിരുന്ന് ചോക്കുകൊണ്ട് മാഷ് എഴുതിവെച്ച അക്ഷരങ്ങൾക്ക് മുകളിൽ വളയാതെ മഞ്ചാടിയും ഇലഞ്ഞിക്കുരുവും നിരത്തും. വിജയികളെ മേശപുറത്ത് കയറ്റി ഇരുത്തി ചോക്ക് സമ്മാനിക്കും. അക്ഷരങ്ങൾക്ക് ശബ്ദം നല്കുന്ന നാക്കിന്റെ ഗമ അവിടെ നിന്നാണ് മനസ്സിലായത്

ഏഴാം ക്ലാസിൽ വീണ്ടും ക്ലാസ് ടീച്ചറായി സി.കെ മാഷ് വന്നപ്പോൾ കുമാരനാശാനും വള്ളത്തോളും ചിരപരിചിതരായി. ശ്ലോകം ചൊല്ലുന്നതിനായി ഖണ്ഡകാവ്യങ്ങൾ ഹൃദിസ്ഥമാക്കി. വൃത്തങ്ങളും അലങ്കാരങ്ങളും ചമഞ്ഞ് വരുന്ന കവിതകൾ ആസ്വദിച്ചു. ലൈബ്രറിയുടെ ചുമതലയും മാഷിനായിരുന്നതിനാൽ ആസ്വാദനകുറിപ്പ് കാണിച്ചാൽ പുസ്തകങ്ങൾ പിന്നേയും പിന്നേയും ലഭിക്കും. സ്കൂളിന് പുറമേ വായനശിലമുള്ള സഹപാഠി ശ്രി അനിലിന് വീട്ടിൽ

നിന്ന് പുസ്തകങ്ങൾ ചുമന്ന് കൊണ്ട് വരുന്നതും തിരിച്ച് കൊണ്ടുപോകുന്നതും എന്റെ ജോലിയായി. കവിതകൾ ആവർത്തിച്ച് വായിക്കുക എന്നത് ലഹരിയായി. കത്തുകൾ പോലും കവിതകളായി പിറന്ന കാലം

തിരുത്തി എ.യു.പി. സ്കൂളിലെ മണൽപരപ്പിൽ തെങ്ങിൻ തണലിൽ കാറ്റേറ്റ് വട്ടത്തിൽ ഇരുന്നുള്ള പഠനം. മാസത്തിൽ വിളിച്ച് ചേർക്കുന്ന മന്ത്രിസഭയും പാർലമെൻറും. സാംസ്കാരികമന്ത്രിയായി പ്രവർത്തിക്കുമ്പോൾ പുറത്ത് വെച്ച വലിയ ബോർഡിൽ വാർത്തകൾ എഴുതി വെക്കാനും ആഴ്ചയിൽ ഒരു പീരിയഡ് സാഹിത്യസഭകൾ സംഘടിപ്പിക്കുവാനും സാധിച്ചത് അക്കാലത്തെ നല്ല അനുഭവങ്ങളായി.

ഹൈസ്കൂളിൽ ഗോപാലകൃഷ്ണ പിള്ള സാറിന്റെ മലയാളം ക്ലാസ് എന്നിലേക്ക് ഗൃഹാതുരത്വം നിറച്ചു. കൃത്യമായി പോയൻറുകൾ റബ്ബർ പന്തിലേക്ക് മൊട്ടുസൂചിയെന്ന പോലെ മനസ്സിലേക്കെറിഞ്ഞ വിജയലക്ഷ്മി ടീച്ചറുടെ രസതന്ത്രവും, സരസ്വതിടീച്ചറുടെ ഭൌതികശാസ്ത്രവും, തങ്കമണിടീച്ചറുടെ സാമൂഹ്യ ശാസ്ത്രവും, ലീലടീച്ചറുടെ ശാകുന്തളവും സിസിലിടീച്ചറുടെ ആംഗലേയസാഹിത്യവും ഇപ്പോഴും സ്കൂൾ മുറ്റത്ത് ജീവനോടെയുണ്ട്. ശാന്തടീച്ചറുടെ ഗണിത ശാസ്ത്രക്ലാസിൽ കുട്ടികൾ പലപ്പോഴും അടങ്ങിയിരിക്കില്ലെങ്കിലും ഞാനും ടീച്ചറും തമ്മിൽ എന്തോ ഒരു വലിയ വൈകാരികത നിലനിന്നിരുന്നു.

ഗ്രാമം വിട്ട് ആദ്യമായിട്ടാണ് ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട് പോലൊരു വലിയ സ്ഥാപനത്തിലേക്ക് ഞാൻ കയറി ചെല്ലുന്നത്. കോളേജിലേക്കും തിരിച്ചുമുള്ള വഴി ചോദിച്ചും അറിഞ്ഞും വീട്ടിൽ തിരിച്ചെത്തുമ്പോൾ സന്ധ്യയായിരുന്നുവെങ്കിലും ആരും തിരഞ്ഞ് വന്നില്ല എന്നത് പിന്നീടുള്ള ജീവിതത്തെ ധൈര്യത്തോടെ സമീപിക്കാൻ എനിക്ക് കിട്ടിയ മറ്റൊരു പാഠം. പഠിച്ച സ്കൂളിൽ പ്ലസ് വൺ അഡ്മിഷന് വരുന്ന കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്കയും അങ്കലാപ്പും കാണുമ്പോൾ ഇന്നും എനിക്കോർമ വരുന്നത് പ്രിഡിഗ്രിക്ക് ചേരാൻ ഞാൻ ഒറ്റക്ക് പോയ ദിവസമാണ്. പ്രഫ.പാപ്പുട്ടി, ആത്മജൻ, ചന്ദ്രശേഖരൻ, വിജയൻ, ഗോപിനാഥൻ, ഹമീദ് ചേന്ദമംഗലൂർ, രാജലക്ഷ്മി, ഗംഗാദേവി തുടങ്ങിയ ഗുരുശ്രേഷ്ഠർക്ക് ശിഷ്യപ്പെടാനും ഭാഗ്യമുണ്ടായി.

വളരെ അവിചാരിതമായാണ് ഞാൻ പഠിച്ചിറങ്ങിയ എൻ.എൻ.എം.ഹയർസെക്കണ്ടറിസ്കൂളിലേക്ക് തിരിച്ചെത്തുന്നത്. അച്ഛന്റെ പ്രിയപ്പെട്ട ശിഷ്യനും സ്കൂൾ മാനേജറുമായ ശ്രീ കെ.വി.ശങ്കരനാരായണൻ അച്ഛനെ കാണാൻ ഒരിക്കൽ വീട്ടിൽ വന്നു. സംസാരത്തിനിടക്ക് എന്നെ വിളിച്ച് പഠനത്തെ കുറിച്ചന്വേഷിച്ചു. 'അവൾ നാളെ തന്നെ അവിടെ വരട്ടെ' എന്ന സ്നേഹാധികാരത്തോടെയുള്ള വാക്കുകൾ ഞാൻ വിദ്യാർഥിയായിരുന്ന വിദ്യാലയത്തിലേക്ക് എന്നെ അധ്യാപികയായി എത്തിച്ചു. 1996 ഫിബ്രവരി ഒന്നിന് ഞാൻ വീണ്ടും ആ പടവുകൾ ചവിട്ടി.

പഠിപ്പിച്ച അധ്യാപകരെ സഹാധ്യാപകരായി കാണുക എന്ന ദ്വയീഭാവം പലപ്പോഴും ആശയക്കുഴപ്പങ്ങളുണ്ടാക്കാം. അത്തരം സാഹചര്യങ്ങളിൽ ബഹുമാനം എന്ന വാക്കിനെ നിർവചിക്കേണ്ടി വരാം. ഞാൻ നേരത്തെ സൂചിപ്പിച്ച ചിന്താസ്വാതന്ത്ര്യം പലപ്പോഴും നമ്മെ മറ്റൊരു വ്യക്തിയായും ഒറ്റയാനായും മാറ്റാം. എന്റെ അധ്യാപകർക്കിടയിൽ ഞാൻ എന്റേതായ ഒരു ഇടം കണ്ടെത്തി. എല്ലാവരും എനിക്ക് വേണ്ട പിന്തുണ നല്കി. എൻറെ ക്ലാസ് മുറികളിൽ ഞാൻ എന്റെ മുഖം കണ്ടു. കൂടുതൽ സത്യസന്ധത പുലർത്തേണ്ടത് എന്റെ ആവശ്യമായി. ഭൂമിശാസ്ത്രം ഞാൻ എന്നെ പഠിപ്പിക്കണമെങ്കിൽ കൂടുതൽ വിഭവങ്ങൾ കണ്ടെത്തേണ്ടതുണ്ട്. അങ്ങനെ വിദൂരവിദ്യാഭ്യാസം വഴി മദ്രാസ് യൂനിവേഴ്സിറ്റിയിൽ ചേർന്നു. പഠിപ്പിച്ച് കൊണ്ടിരിക്കെ പഠിതാവായിരിക്കുക എന്നത് ഒരു ഭാഗ്യമാണ്. അതെന്നെ വർദ്ധിച്ച ആത്മവിശ്വാസത്തോടെ ക്ലാസ് മുറിയിൽ തിരിച്ചെത്തിച്ചു.

കുട്ടികളോടൊപ്പം കൈകോർത്ത്പിടിച്ച് 'ചേലേമ്പ്ര ഇന്നലെകളിലൂടെ' പ്രാദേശിക ചരിത്ര മാഗസിൻ, പുരാവസ്തു പ്രദർശനം, ചരിത്രമ്യൂസിയം, ചേലേമ്പ്രയുടെ ഭൂമിശാസ്ത്രം, മോക് പാർലമെൻറ് എന്നിങ്ങനെ വൈവിധ്യമാർന്ന പഠാനാനുബന്ധ പ്രവർത്തനങ്ങൾ - നടപ്പിലാക്കാനായി. മലപ്പുറം ഡയറ്റിന്റെ പത്ത് ദിവസത്തെ ഭൂമിശാസ്ത്രശില്പശാല, കോഴിക്കോട് ഗവ.എജുക്കേഷൻ കോളേജ് നടത്തിയ അഞ്ച് ദിവസത്തെ ഭൂമിശാസ്ത്ര ശില്പശാല, കേരള യൂനിവേഴ്സിറ്റി ജിയോളജി ഡിപ്പാർട്മെന്റും ISRO യും ചേർന്ന് നടത്തിയ ശില്പശാല, കോഴിക്കോട് യൂനിവേഴ്സിറ്റി നടത്തിയ പ്രാദേശിക ചരിത്ര ശില്പശാല എന്നിവയിൽ പങ്കെടുത്ത് എന്റെ കുട്ടികൾക്ക് വേണ്ടി ആയുധം കൂടുതൽ മൂർച്ചപെടുത്താൻ ശ്രമിച്ചു.

ഉപജില്ല സാമൂഹ്യശാസ്ത്രക്ലബ് സെക്രട്ടറിയായിരുന്ന മൂന്ന് വർഷക്കാലവും D.R.G ആയി സേവനമനുഷ്ഠിച്ച കാലവും ധാരാളം അധ്യാപക സുഹൃത്തുക്കളെ സമ്പാദിക്കാനും അവരിൽനിന്ന് ധാരാളം ഉൾക്കൊള്ളാനും സാധിച്ചു.

അവിചാരിതമായി അധ്യാപികയായി ചേർന്നത് പോലെ തീർത്തും അവിചാരിതമായി ഞാൻ എന്റെ വിദ്യാലയത്തിലെ പ്രഥമാധ്യാപികയുമായി. സ്കൂളിലേക്ക് ക്ഷണിച്ച അദ്ദേഹം തന്നെ എന്നെ പുതിയ കസേരയിലിരുത്തി. ഏറ്റവും ആസ്വദിച്ച് ചെയ്യാവുന്ന ജോലിയായി ഞാനിന്നും അധ്യാപനത്തെ കാണുന്നു. എന്റെ സഹാധ്യാപകരിലും ഞാനത് കാണുന്നു. വ്യക്തി വ്യത്യാസങ്ങൾക്കനുസരിച്ച് വൈവിധ്യമാർന്ന പ്രതിഭഉള്ളവരാണ് നാമെല്ലാം. എല്ലാവരും ഒന്നിച്ച് ചേരുമ്പോൾ പല നിറത്തിലും തരത്തിലുമുള്ള പൂക്കൾ നിറഞ്ഞ പൂന്തോട്ടം പോലെ എല്ലാവരും ഒന്ന് ചേർന്ന് ഒരു പൂങ്കാവനമാക്കി വിദ്യാലയത്തെ മാറ്റാമെന്നും അതിൽ പൂമ്പാറ്റകളായണയുന്ന നമ്മുടെ കുട്ടികളെ ആവോളം തൃപ്തിപെടുത്താൻ നമുക്കാവുമെന്നും ഞാനുറച്ച് വിശ്വസിക്കുന്നു. പ്രത്യേകിച്ച് പ്രകൃതിയോടും ജീവിതത്തോടും ഒരേ സമയം പൊരുതി മുന്നേറേണ്ടി വരുന്ന ഈ കാലത്ത് കുഞ്ഞുങ്ങൾക്കാവശ്യമായ മാനസികവും ബൌദ്ധികവുമായ ധൈര്യം പകരാൻ നാം അധ്യാപകരുടെ ആവനാഴിയിലെ അവസാന അസ്ത്രവും പ്രയോഗിക്കാൻ സന്നദ്ധരാണെന്നതും ആഹ്ലാദകരമായി കാണുന്നു.



# ഗുരുവിന്റെ ശബ്ദം

ജിതേഷ് ബാബു വി വി

അറിവിന്റെ പാലാഴി
അളന്നെടുത്തെന്റെ
അരികിൽ വന്നു ഗുരുനാഥൻ

ആനന്ദപൂർണ്ണം ..
ആമോദ ചിത്തം..
അഭിമാനമായ നിമിഷം.

പൂക്കളമുണ്ടാക്കാൻ
ഓരോരൊ വാക്കുകൾ
കോർത്തിണക്കി തന്ന നേരം..
തെല്ല് പരിഭ്രമത്താലവ ചേർത്തൊരു
പൂക്കളം
ഞാനന്ന് തീർത്തു
ജീവിത
പൂക്കളമന്നു
ഞാൻ തീർത്തു....

ആയിരം ദീപ നാളങ്ങൾ ചുറ്റിലും ആനന്ദനൃത്തമാടുമ്പോൾ..
ആഴി കണക്കെ
തിമിർക്കുമാ ദുഖത്തിൽ...
ആയിരം നൗകകൾ ആടിയുലഞ്ഞു.....

മുന്നോട്ടാഞ്ഞു തുഴഞ്ഞു
പോയീടുവാൻ
പിന്നിൽ നിന്നാരോ പറഞ്ഞു.......

ഉച്ചത്തിൽ വന്നു പതിച്ചു...
കാതിലെന്നോ പതിഞ്ഞൊരാ ശബ്ദം...
ഗുരുവിൻ ശബ്ദം...

---

ആശയം: (ജീവിതത്തിൽ പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഒരു പക്ഷേ അധ്യാപകരുടെ ഉപദേശങ്ങൾ സഹായകരമാകും പ്രതിസന്ധികളെ ഭയക്കാതെ ധീരമായ് മുന്നേറുക)



# എന്റെ അച്ഛൻ

പ്രഭ സി ശേഖർ
HST MATHS

ഭൂത കാലങ്ങൾ തൻ മായായവനികക്കുള്ളിൽ
ഞാനെന്റെ അച്ഛന്റെ പുമുഖം കാണുന്നു.

കൈ പിടിച്ചെന്നെ നടക്കുവാൻ പഠിപ്പിച്ച
കാരുണ്യ മൂർത്തി പിരിഞ്ഞുപോയി

പുലർച്ചയിൽ ശ്ലോകം ജപിച്ചെ
ന്നെയുണർത്തിയ സൂര്യൻ മറഞ്ഞുപോയി

വൻ കൊടുങ്കാറ്റുകളെൻ ജീവിത വൃക്ഷത്തെ
പന്തടിച്ചാടിയ നാളുകളിൽ
തൻ തണലേകി, ആശ്വാസ വാക്കേകി

സന്തതം പാലിച്ച തമ്പുരാൻ
മറഞ്ഞുപോയി

സ്ഫടികമാണച്ഛന്റെയുൾത്തടം
ഞാനതിനരികിൽ

വെറുമൊരു കീടമല്ലോ
അവിടുത്തെ ആദർശമാർഗ്ഗങ്ങളെന്നുടെ

ഹൃദയം നമിക്കുന്ന വിഗ്രഹങ്ങൾ
നന്മയെൻ മാനസം തന്നിൽ നിറയ്ക്കുക നീ

ശ്രീ കൃഷ്ണ പാദത്തിലെന്നച്ഛനെത്തുമ്പോൾ
ജീവിത വൈതരണി എന്നെ കടത്തേണമേ


എന്നേക്കുമായി പിണങ്ങിപോയെ
ങ്കിലും മൂക സന്ധ്യയിൽ
ജ്വലിയ്ക്കയാണു നിർനിമേഷമേതോ
മൂക വേദന

# ഗുരുദക്ഷിണ

സിന്ധു. എൽ



ഒരു വിളിപ്പാടകലെ നിന്ന് നിഷാദൻ
കേഴുന്നു...
വിദ്യോക്തികൾ മാറ്റുരയ്ക്കുന്നു
പാഠശാലയിൽ...
ധർമ്മാധർമ്മത്തിന്റെ മാറ്റൊലി
മുഴങ്ങുന്നു, ആയുധശാലയിൽ..
നിസ്വനാകും ഏകലവ്യൻ കേഴുന്നു
ഉത്കൃഷ്ടനാം ഗുരു സ്വാർത്ഥനായോ?
നിണം പൂണ്ടെഴും അംഗുലിയാൽ
വിതുമ്പി ....
ആത്മ രോധനങ്ങളെ മൂകമാകൂ,
ഞാൻ ദക്ഷിണ യൊരുക്കട്ടെ-
യെൻ ഗുരുനാഥന്
അറിവിന്നംഗീകാരമായി പെരുവിരൽ
മുറിക്കവെ
ആത്മാവിലായിരം സുകൃത നക്ഷത്രങ്ങൾ
വിരിഞ്ഞു പോയ്...
ഫാൽഗുനിക്കെതിരില്ല..
മറഞ്ഞു നിഷാദൻ...
ഖിന്നനാകുമീ നിഷാദ പുത്രൻ
ശപിച്ചുവോ?
ധർമ്മ രഥത്തിന്റെ ചക്രങ്ങൾ
താഴുന്നു
ഗാണ്ഡീവം വീഴുന്നു...
അമ്പൊടുങ്ങാത്ത ആവനാഴിയും
മറഞ്ഞുപോയ്...
അപ്പൊഴും മാറ്റൊലി കൊണ്ടതാ
കേൾക്കുന്നു..
പ്രിയ ശിക്ഷ്യാ നീ നികൃഷ്ടനായി..
നിഷാദ പുത്രൻ ശപിച്ചുവോ?



# Covid 19

كوفيد( 19)

NAJIYA N.K.

كوفيد-19 هو سقم فيروس من فيروسات كورونا. كو( Co) تمثل كورونا و(vi)
تمثل فيروس د(d) تمثل سقم. أصاب هذا السقم الفين و تسع عشر(
2019).أولا نزل فى وهان من الصين. ثم بدأ إنتشر فى العالم جميعا. أما أولا
فى الهند الكيرالا.
هذا السقم ينتشر سريعا فسريعا من شخص إلى غير شخص بالاجتماع
والسعال ونحوها. البدء أغراض السقم منذ يومين إلى أسبوعين. تدفع هذا
الفيروس بحفظ على النظافة الشخصية ويبتعد من مصيبة الأمراض.
أمراض السقم --- الحمى 'السعل 'الصداع 'التعب'ألم الخنجر.
يصيب هذا السقم سريعاً فى الأطفال والشيوخ.
العلاج ----لم يكتشف الدواء لكورونا حتى اليوم. أما العالم الطب مازال
يجتهدون لاكتشاف الدواء.

# ഞാനറിഞ്ഞ്

**ഫസലുൽഹഖ് LKC**



മനമറിഞ്ഞ് മനസ്സറിഞ്ഞ്
വീടറിഞ്ഞ് ഉള്ളറിഞ്ഞ്
മണ്ണറിഞ്ഞ് മഴയറിഞ്ഞ്
ഞാനറിഞ്ഞ് നീയറിഞ്ഞ്,

മാസ്ക അണിഞ്ഞ് അകലമിട്ട്
ദൂരെ നിന്ന് നോക്കി നിന്ന്
ഭയം മറിഞ്ഞ് മാറിനിന്ന്
നിന്നിൽ നിന്ന് ഞാൻ അകന്ന്,

പടരുമെന്ന് ഭീതി കൊണ്ട്
ഏകനായി ഞാൻ ഇരുന്ന്
കരുതലാണ് കാര്യമെന്ന്
നീ പറഞ്ഞ് ഞാനറിഞ്ഞ്,

......ബന്ധമെല്ലാം കപടമെന്ന്
നിന്നിൽ നിന്ന് ഞാനറിഞ്ഞ്.....

# എന്റെ കേരളം

Ismail Vazhakkad

ഹരിത ചാരുതയിൽ ശോഭിക്കും
പ്രണയ സുന്ദരി എന്റെ കേരളം.......

കളകളാരവം പാടി
തഴുകിയെത്തുന്ന പുഴകളല്ലോ നിൻ ജീവൻ.......

കിളികൊഞ്ചലാ കാറ്റിന്റെ
പുല്ലാങ്കുഴൽ നാദമോ നിനക്കേറെയിഷ്ടം.......

മകര മഞ്ഞിൻ കുറി തൊട്ട്
തുളസി കതിർ ചൂടി ഹരിത ഭംഗിയിൽ
തൊഴുതു നില്ക്കുമെൻ സുന്ദരി........

മല ഇറങ്ങി കാടും കാട്ടാറും കടന്ന്
നീ വന്നതെന്തേ.....

പൊടിയരിക്കഞ്ഞിയും ചമ്മന്തിയും പിസയായും
ബർഗറായും മാറിയതറിയാതെയോ....

മലയാള ഗന്ധം മറന്നു മൊഴിയുന്ന മംഗ്ലീഷിൽ
വെറ്റില ചവച്ച ചുവപ്പല്ലന്ന് നിയറിഞ്ഞോ......

തെളിനീരുകാണാൻ അരുവിതേടി
നീ എത്തിയത് മിനറൽ വാട്ടറിൻ തറവാട്ടിലേക്കോ.....

കൈകോർത്തു സംരക്ഷിക്കാം
നഷ്ടമാവാത്ത സംസ്കാരത്തെ.....

നല്ല പുലരിക്കായ് ഉയരട്ടെ
പ്രകൃതിതൻ  മന്ദ്രം.....

ഞാൻ ചൊല്ലിയ പ്രളയ പാഠം
മറക്കല്ലേ മാളോരേ......

കൊറോണയായ് വന്നണഞ്ഞതും
പാഠമാവട്ടെ...

വെട്ടിയും കൊന്നും പോർവിളി കൂട്ടാതെ
സൗഹൃദമായി വസിച്ചിടും നേരത്ത്...

നിറയും പുഴകൾ വളരും മാമരം
പൂക്കും തെച്ചിയും ചെമ്പകവും
ഒഴുകിയെത്തും പാലപ്പൂവിൻ ഗന്ധവും......

നമുക്കൊന്ന് ചേരാം.....
നല്ല  നാളേക്കായ്...
സുന്ദര കേരളത്തിനായ്...





അമേഖ
10.എ

# മനുഷ്യൻ

എനിക്കൊരു മതമുണ്ട്
മദമില്ല
എനിക്കൊരു വർഗമുണ്ട്
വർഗീയതയില്ല
എനിക്കൊരു വിശ്വാസമുണ്ട്
അന്ധവിശ്വാസമില്ല
എനിക്കൊരു നിറമുണ്ട്
കറുപ്പല്ല, വെളുപ്പല്ല
മനുഷ്യന്റെ നിറം.





# പനിനീർപ്പൂക്കൾ

പതിയെപ്പതിയെ വിരിഞ്ഞുവരും
പനിനീർമൊട്ടുകളേ
കണ്ണിനു കൗതുകമരുളുന്നവരേ
സുഗന്ധമലരുകളേ

കാറ്റിൽ മഴയിൽ തുള്ളിച്ചാടും
കുസൃതിക്കുരുന്നുകളേ
മുള്ളുകളുള്ളൊരു ചെടിയുടെ മകൾ
അദ്ഭുതമുണ്ടിതു ചിന്തിച്ചാൽ!

പറിച്ചെടുക്കാൻ ചെല്ലുന്നവരുടെ
കയ്ക്കു കോറും വിരുതർ
പരിമളവും തേൻമധുരവുമിത്തിരി
പകർന്നു നൽകിടുമെല്ലാർക്കും



ആയിഷ നസ്രിൻ. കെ.പി
10.ബി

**ചെറുകഥ**

# നിക്ക് സ്കൂളി പോണം

ഗീത. പി
**HST HINDI**

**കൊ**റോണയ്ക്കു മരുന്ന് കണ്ടെത്തി വേഗം സ്കൂളിലെത്താൻ കഴിയണേ ഭാഗവാനേ

എന്നവൻ അടച്ചിട്ട ശ്രീകോവിലിന് പുറത്ത് നിന്നാണെങ്കിലും പ്രാർത്ഥിക്കുന്നു

തന്റെ പ്രായക്കാരാരും ഒരു പക്ഷേ ഇങ്ങനൊരു പ്രാർത്ഥന നടത്തിയിട്ടുണ്ടാവില്ല എന്നോർത്ത് നടന്നു നടന്നു കുളക്കടവിൽ വെച്ചിരുന്ന ഷർട്ടും ട്രൗസറും കൈ നീട്ടി എടുത്തു അമ്മയുടെ മുഷിഞ്ഞ വേഷം വൈകിട്ടലക്കാം വേഗം പോന്നോളൂ എന്ന് വല്യമ്മ പറഞ്ഞതോർത്തു അടുത്ത നിമിഷം

മോനേ ചന്തു...... അമ്മയുടെ ക്ഷമ കെട്ട വിളി ഇങ്ങ് കുളക്കടവിൽ കേട്ടു. രാവും പകലും ഈ വിളി തന്നെ. പാവം അമ്മ.... മനസ്സിന്റെ താളം തെറ്റിയത് കൊണ്ടല്ലെ. ആ... ഇതാ വന്നു അമ്മേ അവൻ ഒറ്റ ശ്വാസത്തിന് അമ്മയ്ക്കരികിലെത്തി. ഞാൻ എത്ര നേരായി നിന്നെ തന്നെ നോക്കിയിരിക്കുന്നു. നിക്ക് ചായ കുടിക്കണ്ടെ, പിന്നെ ആറി ടാം. അവൻ വേഗം വേഷം മാറി വന്നു

വേഗം ചായ കുടിക്ക്. വല്യമ്മയും കണ്ണേട്ടനും കുടിച്ചു. ഞാൻ നിന്നേം കാത്തിരിക്ക്യാ. ആറി തണുത്താൽ ഒന്നിനും പറ്റില്ല്യാലോ. ആ.. നന്ദിനി അവൻ കുടിച്ചോളും നിനക്ക് കുടിക്ക്യാരുന്നു. മരുന്ന് കഴിക്കണ്ടതല്ലെ. ഒന്നും അനുസരിക്കരുത്. പുലർച്ചെ നാല് മണിയ്ക്ക് തുടങ്ങിയ നാസ്ത പണിയാ രാത്രിയിവൾക്ക് ഒറക്കോല്യാ അസുഖക്കാരിയല്ലെ കൂടെ പിറപ്പല്ലെ.... സഹിക്ക്യന്നെ. വല്യമ്മ പരാതി തുടർന്നു. അമ്മക്കെപ്പോഴും ആധിയാണ്. അച്ഛനില്ലാത്ത കുട്ടിയാണ് മാഷോടും ബന്ധുക്കളോടും അയൽക്കാരോടും ഇനി ആരും ബാക്കിയില്ല... ഒരു കണക്കിന് നോക്കിയാൽ വല്യമ്മ പറഞ്ഞതും ശരിയല്ലെ, ടീച്ചറമ്മയായ തോണ്ട് മാത്രമല്ല അൽപം കർക്കശ ക്കാരിയായ തുകൊണ്ടും വല്യമ്മ ഒരു വിധം കുടുംബത്തെ അല്ലലി ല്ലാതെ നടത്തി പോരുന്നു. അപ്പു മാഷ് കഴിഞ്ഞ വർഷം വന്നിട്ടേ ഉള്ളൂ മാഷ് പോലും എന്റെ അവസ്ഥ അറിഞ്ഞു അതിന്റെ തെളിവാണല്ലൊ യു.എസ് എസ്. കിട്ട്യേപ്പോ വാച്ചു വാങ്ങി വീട്ടിലെത്തിയത്. ചന്തു ഓർമ്മകളിൽ മുഴുകി...

അമ്മയെ നോക്കാൻ ഇവൻ തന്നെ മതിയാവും ടീച്ചറേ അങ്ങിനെ എന്റെ മനസ്സു പറയുന്നു എന്നും പറഞ്ഞ് വല്യമ്മയെ നോക്കി സമാധാനിപ്പിച്ചെന്നോണം മാഷ് നടന്നകന്നു.

മരുന്ന് കഴിച്ച് ഒന്ന് മയങ്ങിയെഴുന്നേറ്റ അമ്മ വീണ്ടും... ചന്തൂ കൊട്ട് പഠിക്കാൻ പോവണ്ടേ... വേണ്ടാ ല്ലേ, കൊറോണയല്ലെ അമ്മ സ്വയം പിറുപിറുത്തു . അതൊന്ന് കഴിഞ്ഞാൽ മാരാരെ സഹായിക്കാൻ അമ്പലത്തിൽ... അമ്മയിതെത്ര തവണ പറഞ്ഞതാ. പോട്ടെ ചന്തു ആത്മഗതം പറഞ്ഞു. എന്നാലും ഈ സ്കൂളൊന്നു തുറന്നെങ്കിൽ... ചന്തു വീണ്ടും യാഥാർത്ഥ്യത്തിലേക്ക്. ശാസനയും കരുതലുമായി അധ്യാപകരും, കൂട്ടുകാരും ഹൈസ്കൂളിലാണെങ്കിൽ ഹാ സുഖമായി നീങ്ങുന്ന അഞ്ച് ദിവസങ്ങൾ... ആ കൊതിയാവുന്നു

എല്ലാ കൂട്ടുകാർക്കുമായി സമർപ്പിക്കുന്നു
സ്നേഹപൂർവ്വം ഗീത ടീച്ചർ





ഷീജ. സി.

# കല്യാണി അമ്മയുടെ
# കോവിഡ് 19

കല്യാണി അമ്മ രാവിലെ കുളിച്ച് ഭസ്മം തൊട്ട് പതിവ് പോലെ തന്റെ മുറിയിലേക്ക് കടന്നു.വയസ്സ് 81 കഴിഞ്ഞു കല്ല്യാണി അമ്മക്ക്. കാലം ശരീരരൂപഭംഗിയിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും ഓർമ്മശക്തിക്കും നിലാവ് പോലുള്ള പുഞ്ചിരിക്കും ഒരു പോറലുമേൽപ്പിച്ചിട്ടില്ല.

ഇന്നേക്ക് 3 ദിവസമായി മോൻ രാധാകൃഷ്ണനും ഓാംന്റ പെണ്ണും ജോലിക്ക് പോയിട്ട്. കാര്യം അന്വേഷിച്ചപ്പോൾ കല്ല്യാണി അമ്മയോട് മരുമകൾ പറഞ്ഞത് കൊറോണ യാണെന്നാണ്. എല്ലാരും പൊരേ, തന്നെയിരിക്കാനാണോലെ സർക്കാർ പറഞ്ഞത്.

ഇതു കേട്ട കല്യാണി അമ്മക്ക് ഒന്നും മനസ്സിലായില്ല മരുമകൾ എന്തോ ഉച്ചത്തിൽ പറഞ്ഞതു പോലെ കല്യാണി അമ്മക്ക് തോന്നി.

അവരെന്തോ പിറുപിറുത്തു

രാധാകൃഷ്ണൻഉച്ചത്തിൽസംസാരിക്കുന്നത് കേട്ടു.

ഫോണിലൂടെയാണ് അമേരിക്കയിലുള്ള കുഞ്ഞോനോടാണ്. രാധാകൃഷ്ണന്റെ മോൻ. അവൻ അമേരിക്കയിൽ ജോലിയാണ്. കുഞ്ഞോന് ഒരു മോള് പിറന്നപ്പോൾ കുടുംബത്തോടെ ഇപ്പോൾ അമേരിക്കയിലാണ്. മോൾക്ക് ഇപ്പോൾ 3 വയസ്സായി കാണും

രാധാകൃഷ്ണൻ അവരോട് ഉടനെ തന്നെ ഇങ്ങോട്ടേക്ക് വരാൻ പറഞ്ഞതാണ്. ഇവിടെ സൂക്കേടിനെ പേടിക്കേണ്ടന്നും സർക്കാർ മുന്നിൽ നിന്നുകൊണ്ട് എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെന്നും കുഞ്ഞോനോട് പറയുന്നത് കല്ല്യാണി അമ്മ കേട്ടു..

ഫോൺ വെച്ച് രാധാകൃഷ്ണൻ കല്ല്യാണി അമ്മയുടെ അടുത്തേക്ക് വരുന്നതിന്റെ കാലൊച്ച അവർ കേട്ടു..

അമ്മേ.... എന്നു വിളിച്ചു കൊണ്ട് അവൻ അകത്തേക്ക് വന്നു.

കല്ല്യാണി അമ്മ അവനോട് പറഞ്ഞു...' നീ പൂട്ടി പോയിക്കോ, ഞാൻ അകത്ത് തന്നെ ഇരിക്കും. നാല് വർഷത്തോളമായികല്ല്യാണിഅമ്മയുടെ പകൽ ജീവിതം ഈ അകത്താണ്.

രാധാ കൃഷണൻ പറഞ്ഞു ഇല്ല ഞങ്ങൾ ഇനി കുറെ ദിവസത്തേക്ക് പുറത്തേക്ക് പോവില്ല. കുഞ്ഞോനോടും കുടുംബത്തോടും ഇങ്ങോട്ട് വരാൻ പറഞ്ഞതാ.. അവിടെയും കൊറോണ സൂക്കേട് വ്യാപിച്ചിട്ടുണ്ട്. കല്ല്യാണി അമ്മക്ക് ഇപ്പോഴും കാര്യം പിടികിട്ടിയില്ല. രാധാകൃഷ്ണൻ പറഞ്ഞു

വസൂരി പോലെ ഒരു സുക്കേട് മനുഷ്യരെ കൊന്നൊടുക്കുകയാണ്. അകത്തിരുന്നാൽ രക്ഷപ്പെടുറ്. ഇതിന് മരുന്നില്ല. കല്ല്യാണി അമ്മ ഇതു കേട്ട് മിണ്ടാതെ നിന്നു പോയി.അവർ രാമനാമം ജപിക്കുവാൻ തുടങ്ങി.. രാധാകൃഷ്ണൻ അമ്മയെ സമാധാനിപ്പിച്ച് പുറത്തേക്ക് പോയി.

ഇനി കറെ ദിവസത്തേക്ക് ഈ വീട്ടിൽ ഇവരൊക്കെ ഉണ്ടല്ലോ എന്ന സന്തോഷത്തിലാണ് കല്യാണി അമ്മ. രാവിലെ വീടിനകത്താക്കി വിടു പൂട്ടി പോയാൽ വൈകുന്നേരം ചിലപ്പോൾ രാത്രി വരെയാകും പുറം ലോകം കാണാൻ.

കുറച്ച് ദിവസം കഴിയുമ്പോഴേക്കും മരോളും രാധാകൃഷ്ണനും അകത്തിരിക്കുന്നതിന്റെ വിമ്മിട്ടം പരസ്പരം കാണിച്ചു തുടങ്ങി. രാധാകൃഷ്കന്റ മുഖത്തുള്ള പുഞ്ചിരി മായാൻ തുടങ്ങിയിരിക്കുന്നു. മരോളുടെ മുഖം വീർത്ത് വരുന്നുണ്ട്.

നാല് വർഷമായി കല്ല്യാണി അമ്മ ഈ വിമ്മിട്ടം അനുഭവിക്കുന്നുവെന്ന് അവർ ഓർക്കുന്നുണ്ടാവുമോ..? പുറത്ത് ഇറങ്ങി നടന്ന് ശീലമുള്ള കല്ല്യാണി അമ്മ ഒരു ദിവസം പാറുവിന്റെ വീട്ടിലിരുന്ന് കഥയും പറഞ്ഞ് അവർ സ്നേഹത്തോടെ വിളമ്പിയ കഞ്ഞി കുടിച്ച് കുറേ നേരം ഇരുന്നു പോയി. മരോള് ഓഫീസിൽ നിന്നും കുറച്ച് നേരത്തെ വന്ന ദിവസം കല്യാണി അമ്മ പാറുവിന്റെ വീട്ടിലാണ് . അന്നു മുതലാണ് ഈ വീട്ടിനകത്തുള്ള ഇരിപ്പ്...

നാട്ടില്ഈകോണസൂക്കേട് വന്ന കാരണം ഉച്ചക്ക് മോൻ ഭക്ഷണം കഴിക്കുന്നത് കാണാനും ചൂടോടെ ഭക്ഷണം കഴിക്കാനും കല്ല്യാണി അമ്മക്ക് സാധിച്ചു.

അമേരിക്കന്ന് കുഞ്ഞോൻ വന്നെങ്കിലും ആശുപത്രീ ന്ന് രണ്ടാള വന്ന് എല്ലാവരോടും ഇത്രയും കാലം കല്ല്യാണി അമ്മ ഇരുന്നതുപോലെ ഇരിക്കാൻ പറഞ്ഞു പോയി

കുഞ്ഞോന്റെ മോള് ഒഴികെ എല്ലാവരും അത് അനുസരിച്ചു. മോളെ ഇരുത്താൻ നോക്കിയെങ്കി ലും അവളെ കരച്ചിലിനു മുമ്പിൽ തോറ്റു പോയി. അവൾ രാവിലെ കല്ല്യാണി അമ്മയുടെ മടിയിൽ കയറി കവിളിലെ തൊലി വലിച്ചും തൊളഞ്ഞ കാതിലിനുള്ളിലേക്ക് വിരൽ വെച്ച് കളിക്കും. നോക്കുന്നവർക്ക് രണ്ട് കുട്ടികൾ ചിരിച്ച് കളിക്കുന്നതായി തോന്നും. ഇരുവരും രാവിലെ ആകുവാൻ കാത്തിരിക്കും. എന്നാൽ ഇതിന് മുമ്പ് രാവിലെ ആവാതിരിക്കുവാൻ രാമനാമം ജപിക്കുന്ന കല്ല്യാണി അമ്മയെ ആയിരുന്നു കണ്ടത്.

അങ്ങിനെ കുറെ ദിവസങ്ങൾ കഴിഞ്ഞു. നാട്ടിലെ സൂക്കേടിന് കുറവ് വന്നു. ഒരു ദിവസം കുഞ്ഞോൻ വന്ന് കല്യാണി അമ്മയോട് പറഞ്ഞു. നാളെ ഞങ്ങൾ അമേരിക്കക്ക് തിരിക്കുകയാണ്. ഇത് കേട്ട് കല്ല്യാണി അമ്മ ചോദിച്ചു മോളോ... അവളും വരുന്നുണ്ട് കുഞ്ഞോൻ പറഞ്ഞു. കല്യാണി അമ്മ അകത്തേക്ക് വന്ന മോൾക്ക് അവസാനമായി കൈവിരൽ ഇടാൻ കാതും തൊലി പറിക്കാൻ മുഖവും നൽകി. കുറെ നേരം അവളെ മടിയിലിരുത്തി കളിച്ചു.

പിറ്റെന്ന് രാവിലെ രാധാകൃഷണനനും പുറകെ മരോളും വീടിനകത്ത് നിന്ന് പുറത്തേക്ക് വന്നു. എല്ലാരും പോകുന്നു എന്നറിഞ്ഞ കല്ല്യാണി അമ്മ നാട്ടിലെ ഈ സൂക്കേട്കാലത്ത് രാധാകൃഷ്ണൻ നട്ടുവളർത്തിയ കൈപ്പ ചെടിയും വെണ്ടക്കയും നോക്കി നിൽക്കുകയായിരുന്നു.

അമ്മേ... എന്ന രാധാകൃഷ്ണന്റ വിളി കേട്ട് കല്ല്യാണി അമ്മ അകത്തേക്ക് പതുക്കെ നടന്ന് രാധാകൃഷ്ണനോട് പറഞ്ഞു മോൻ പൂട്ടിക്കോ.....

ഇതു കേട്ട് രാധാകൃഷ്ണനനും മരോളും കല്ല്യാണി അമ്മയുടെ അടുത്തേക്ക് വന്നു പറഞ്ഞു, അമ്മയെ ഇനി അകത്താക്കി പൂട്ടില്ല, അകത്ത് ബന്ധനത്തിൽ കിടന്നതിന്റെ വിഷമം ഞങ്ങൾ അറിഞ്ഞു. രാധാകൃഷ്ണന്റെ കണ്ണ് നിറയുന്നത് കല്ല്യാണി അമ്മക്ക് അറിയാൻ കഴിഞ്ഞു. അവൻ വന്ന് കല്യാണി അമ്മയെ കെട്ടിപ്പിടിച്ചപ്പോൾ രണ്ടു തുള്ളി കണ്ണീർ അവരുടെ ശരീരത്തിലേക്ക് വീണു. ഇടറിയ ശബ്ദത്തിൽ അവൻ പറഞ്ഞു, അമ്മക്ക് ഇനി പുറത്തിരുന്ന് നോക്കാനാണ് മുറ്റത്തിനടുത്ത് തന്നെ ഞാൻ നട്ടുവളർത്തിയ ഈ പച്ചക്കറി തോട്ടം. അവർ ഇറങ്ങിയപ്പോൾ കല്ല്യാണി അമ്മ ഓർത്തു നാടിന് സൂക്കേട് വന്നപ്പോൾ മനുഷ്യരിലേക്ക് നല്ല ശീലങ്ങളു സ്വഭാവങ്ങളും വരുന്നു

ഈ കോവിഡ് കാലം കല്ല്യാണി അമ്മക്ക് നല്ല ഓർമ്മകളാണ് നൽകിയത്.





# ഒരു ഹരിതയാത്രാ മധുരം



**കീർത്തന പി.ജെ.**
+2 Humanities

**ജീ**വിതത്തിലെ ഒരിക്കലും മറക്കാനാകാത്ത ഒരു പാട് നല്ല അനുഭവങ്ങളും അറിവുകളും ആണ് തിരുവനന്തപുരത്തേയ്ക്കുള്ള യാത്ര എനിക്ക് സമ്മാനിച്ചത്. ഹരിത വിദ്യാലയം പ്രോഗ്രാമിൽ പങ്കെടുക്കാൻ വേണ്ടി ഞങ്ങൾ എട്ട് വിദ്യാർത്ഥികളും അധ്യാപകരും തിരുവനന്തപുരത്തേക്ക് യാത്രതിരിച്ചു. ട്രെയിനിലേക്ക് കേറുന്ന സമയത്ത് മനസ്സിൽ ആകാംക്ഷയും അതുപോലെതന്നെ ടെൻഷനും നിറഞ്ഞിരുന്നു. കൈറ്റ് വിക്ടേഴ്സിന്റെ 'ഹരിതവിദ്യാലയം' എന്ന ടി.വി പ്രോഗ്രാമിലായിരുന്നു ഞങ്ങൾ പങ്കെടുക്കേണ്ടത്. ഞങ്ങളെ കൂടാതെ ഒരുപാട് വിദ്യാലയങ്ങൾ അതിൽ പങ്കെടുക്കുന്നുണ്ട്.

കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അംഗീകരിക്കാനും പങ്കുവെക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള ഒരു വേദിയാണ് ഹരിത വിദ്യാലയം. ഞങ്ങളുടെ സ്കൂളിനെ കുറിച്ചും സ്കൂളിലെ പ്രവർത്തനങ്ങളെ കുറിച്ചും ഞങ്ങൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു. അതുപോലെ തന്നെ പൊതു വിജ്ഞാനവും ആനുകാലിക സംഭവങ്ങളെകുറിച്ചും മറ്റും ഞങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. എന്നാലും ഏതുതരം ചോദ്യങ്ങളായിരിക്കും അവർ ചോദിക്കുക എന്ന ആശങ്ക എനിക്കുണ്ടായിരുന്നു. അതിന് ഉത്തരം പറയാൻ കഴിയുമോ എന്നും വല്ലാതെ പേടിച്ചു.

തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വെച്ചായിരുന്നു ഷൂട്ടിങ്. ലൈറ്റുകളും ധാരാളം ക്യാമറകളുമുള്ള ഒരു 'ഫ്ളോർ' കണ്ടപ്പോൾ വല്ലാത്തൊരു ആശങ്കയും ഞെട്ടലുമൊക്കെയായിരുന്നു. പക്ഷെ, ഞാൻ പ്രതീക്ഷിച്ചതുപോലെയൊന്നുമായിരുന്നില്ല കാര്യങ്ങൾ. വളരെ സൗഹാർദത്തോടെയായിരുന്നു ജഡ്ജസ് ഞങ്ങളോട് സംസാരിച്ചത്. സ്കൂളിലെ പ്രവർത്തനങ്ങളെ കുറിച്ചും മികവിനെകുറിച്ചുമുള്ള അവരുടെ ചോദ്യങ്ങൾക്ക് ഒട്ടും പേടിയില്ലാതെ ഉത്തരം പറയാൻ ഞങ്ങൾക്കൊക്കെ സാധിച്ചു. ഒരുപാട് നല്ല അറിവുകളാണ് ആ വേദിയിൽ നിന്ന് അന്ന് ഞങ്ങൾ നേടിയത്.

ഫ്ളോറിൽ നിന്നും ഇറങ്ങുമ്പോൾ, അവിടെ കുറച്ചു സമയം കൂടെ ചിലവഴിക്കാൻ തോന്നി. അത്രയ്ക്കും നല്ലൊരു അനുഭവം തന്നെയായിരുന്നു അത്. ജീവിതത്തിലൊരിക്കലും ഇതുപോലെയുള്ള നിമിഷങ്ങൾ ഇനി ഉണ്ടാവില്ല എന്ന് എനിക്കുറപ്പാണ്.

ആശങ്കകളോടെ യാത്രതിരിച്ച ഞങ്ങൾ വളരെ സന്തോഷത്തോടെയും പ്രതീക്ഷയോടെയുമാണ് തിരിച്ചു വന്നത്. തിരുവനന്തപുരത്തെ ഒരുപാട് മനോഹരമായ പ്രദേശങ്ങൾ സന്ദർശിക്കാൻ ഞങ്ങൾക്ക് സാധിച്ചു.

ഞാൻ ഒരിക്കലും മറക്കാത്ത, ഒട്ടനവധി അനുഭവങ്ങൾ നിറഞ്ഞ ഒരു യാത്രയായിരുന്നു അത്. എന്റെ ജീവിതത്തിലെ ഏറ്റവും മികച്ച ഒരനുഭവമാണ് ഈ യാത്ര എനിക്ക് സമ്മാനിച്ചത്.

# കോവിഡും കേരളവും

Sreeja J.
HST, NNMHSS



തുടർച്ചയായ രണ്ടു പ്രളയങ്ങളുടെ ആഘാതത്തിൽ നിന്നും നടു നിവർത്താൻ കഴിയും മുമ്പാണ് കേരളത്തെ കോവിഡ് പിടികൂടിയത്. ഇന്ന് ജീവിക്കുന്നവർ ആരും ഇതുവരെ അനുഭവിക്കാത്ത അവസ്ഥയിലൂടെയാണ്

മനുഷ്യൻറെ സാമൂഹിക ജീവിതം കടന്നു പോകുന്നത്

പഴയ ജീവിതരീതികൾ പുനസ്ഥാപിക്കാൻ പെടാപ്പാട് പെടുമ്പോളും ജീവിതരീതികളിൽ മാറ്റം ആവശ്യമാണെന്നതിൽ മലയാളിക്ക് തർക്കമില്ല. ജീവിതത്തിലെ സമസ്ത മേഖലകളിലും ഒരു പുനർചിന്ത അനിവാര്യമായിരിക്കുന്നു .

എല്ലാ വാതിലുകളും തുറന്നിടാൻ ആണ് സ്വതന്ത്ര കമ്പോളങ്ങൾ ആവശ്യപ്പെടുന്നതെങ്കിൽ വഴികളും വാതിലുകളും കഴിയുന്നത്ര അടച്ചിടാനാണ് കോവിഡ് സമൂഹത്തോട് ആവശ്യപ്പെടുന്നത്.കമ്പോളങ്ങൾ അല്ല മറിച്ച് പൊതു ഇടങ്ങളും ഉത്തരവാദിത്വമുള്ള സർക്കാരും, വിശാലമായ പൊതുമേഖല മനോഭാവമുള്ള ജനങ്ങളും ആണ് നമുക്കാവശ്യം എന്നു നാം തിരിച്ചറിയുന്നു.

ആസൂത്രിതമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ രോഗികളുടെ എണ്ണം,ആരോഗ്യ സംവിധാനത്തിന് ഉൾക്കൊള്ളാൻകഴിയുന്നതിലേക്ക് പരിമിതപ്പെടുത്താനും അതിജീവനത്തിന്റെ ആത്മവിശ്വാസം വളർത്താനും ഇതുവരെ സർക്കാരിനും പൊതു സംവിധാനങ്ങൾക്കും കഴിഞ്ഞു. രോഗികൾക്ക് ചികിത്സയും, ജനങ്ങളുടെയും, സമൂഹത്തിന്റെയും ആരോഗ്യവും സംരക്ഷിക്കാൻ കനത്ത ജാഗ്രത അനിവാര്യമാണെന്ന് ഈ ഘട്ടത്തിൽ നാം തിരിച്ചറിയണം. പൊതു ആരോഗ്യ ക്രമസമാധാന സംവിധാനങ്ങൾ, തദ്ദേശ ഭരണ സംവിധാനങ്ങൾ, കുടുംബശ്രീ, സന്നദ്ധപ്രവർത്തകർ പെയിൻ ആൻഡ് പാലിയേറ്റീവ് സംവിധാനങ്ങൾ, ആശാ പ്രവർത്തകർ, അങ്കണവാടികൾ തുടങ്ങി നിരവധി സംവിധാനങ്ങളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. ലോക്ക് ഡൗൺ

ഇളവുകളും പ്രവാസികളുടെ തിരിച്ചുവരവുമൂലമുള്ള പ്രശ്നങ്ങളും അത്യന്തം ഗുരുതരമാണ്.

കോവിഡിനെ തുടർന്ന് നിലവിലുണ്ടായിരുന്ന സാമൂഹിക സമവാക്യങ്ങളെല്ലാം തെറ്റിയിരിക്കുന്നു. മെച്ചപ്പെട്ട സാമൂഹിക ചികിത്സയും രോഗ പരിപാലനവും തിരിച്ചറിഞ്ഞ് കേരളത്തിലേക്ക് ഓടിയണഞ്ഞ മിക്ക പ്രവാസികളും തിരികെ പോകാനാവാതെ തൊഴിൽ നഷ്ടം

നേരിടുകയാണ്. നമ്മുടെ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ ഉൽപാദന കുറവ്, വരുമാനക്കുറവ്, തൊഴിലില്ലായ്മ എന്നിവ ഗണ്യമായി കൂടുകയാണ് . ഇതിന്റെ എല്ലാം പ്രത്യാഘാതങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണ് അടിമുടി ബാധിക്കുന്നത് .

മുൻവർഷങ്ങളിലെ തുടർച്ചയായ പ്രളയദുരന്തങ്ങൾ മാത്രമല്ല കാലാവസ്ഥ വ്യതിയാനം കൂടുതൽ പ്രകൃതിദുരന്തങ്ങൾക്ക് ഇടയാക്കുമെന്നും പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. കൊടുങ്കാറ്റ് ചുഴലിയും അറബിക്കടലിലേക്കും എത്തിയിരിക്കുന്നു. പ്രകൃതിദുരന്തങ്ങൾക്കിടയിൽ കാലദൈർഘ്യം കുറയുന്നു എന്നതും പ്രത്യാഘാതങ്ങൾ ഗുരുതരമാക്കുന്നു. ഏതു ദുരന്തത്തിന്റെയും പ്രത്യാഘാതങ്ങൾ നേരിടാനും ലഘൂകരിക്കാനുള്ള ശേഷി കേരളീയർ ആർജിക്കണം. ഇതിനായി വിശാലമായ വികസന നയത്തെ മുൻനിർത്തി



സർക്കാർ പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കണം. സ്റ്റാർട്ടപ്പുകൾ, കാർഷിക വികസനം, ധനസഹായം തുടങ്ങിയവയൊക്കെ ഇതിൽ പ്രധാനപ്പെട്ടവയാണ്

സുസ്ഥിരമായ വികസനത്തിന് കാര്യക്ഷമമായ വിഭവാസൂത്രണം അത്യാവശ്യമാണ്. പ്രകൃതി വിഭവങ്ങൾ, മനുഷ്യാധ്വാനം, പണം എന്നിവയൊക്കെ ശാസ്ത്രീയമായി തിട്ടപ്പെടുത്തണം.പ്രകൃതിവിഭവങ്ങളുടെ സ്വഭാവം അവയുടെ കാർഷിക വ്യാവസായിക സാധ്യതകൾ എന്നിവ തിരിച്ചറിഞ്ഞ് അനുയോജ്യമായി വികസിപ്പിക്കാനും ഉപയോഗിക്കാനും കഴിയണം. പരിസ്ഥിതി സൗഹാർദ്ദപരമായ വികസന പ്രവർത്തനങ്ങളാണ് നാം നടപ്പാക്കേണ്ടത്. രണ്ടാമത്തെ പ്രധാന വിഭവം മനുഷ്യാധ്വാനം ആണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന നിരവധി പേർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ വൈദഗ്ധ്യവും, വിദ്യാഭ്യാസവും, തൊഴിൽ പരിചയവും തിരിച്ചറിഞ്ഞ് ഫലപ്രദമായി വികസനം നമുക്ക് നടപ്പാക്കാവുന്നതാണ്. വിഭവങ്ങളിൽ പ്രധാനമായ മറ്റൊന്ന് ധനമാണ്. പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യ സംരംഭകർ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി നിരവധി സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി നിക്ഷേപ സമാഹരണം സാധ്യമാക്കാൻ കഴിയും.

മലയാളിയുടെ ദീർഘായുസ്സിനും ആരോഗ്യത്തിനും ഉൽപ്പാദനക്ഷമത, തൊഴിൽ, വരുമാനം, ഭക്ഷ്യലഭ്യത, ഭക്ഷ്യ സുരക്ഷ, മാലിന്യ നിർമ്മാർജ്ജനം എന്നിവയെല്ലാം വർദ്ധിക്കണം.

രോഗങ്ങളും ദുരിതങ്ങളും കുറയണം. ഭക്ഷ്യ രംഗത്തെ സ്വയംപര്യാപ്തത യേക്കാൾ ഭക്ഷ്യസുരക്ഷയ്ക്ക് ആണ് മുൻഗണന നൽകേണ്ടത്.കേരളീയരുടെ ആരോഗ്യത്തിന് ശാസ്ത്രീയമായ ആരോഗ്യ പരിചരണവും ആഹാരരീതിയും അത്യാവശ്യമാണ്.

മണ്ണ്, ജലം, വായു തുടങ്ങിയ ഉൽപാദന ഉപാധികൾ എല്ലാം തന്നെ ശാസ്ത്രീയമായി പരിപാലിക്കപ്പെടണം. പഞ്ചഭൂതങ്ങളുടെ പരിപാലനം അതിന്റെ സമഗ്രതയിൽ നടപ്പാക്കുമ്പോൾ ആണ് സമ്പൂർണ്ണ വികസനം സാധ്യമാകുന്നത്. ഈ ആശയങ്ങളെല്ലാം സമഗ്രമായി ഉൾക്കൊള്ളുന്ന വിധത്തിൽ വിദ്യാഭ്യാസരംഗത്തും സക്രിയമായ മാറ്റങ്ങൾ ഉണ്ടാവണം.

നമ്മുടെ ലക്ഷ്യങ്ങൾ അവയുടെ മുൻഗണന, ലഭ്യമായ വിഭവങ്ങൾ, ഏറ്റെടുക്കേണ്ട പ്രവർത്തികൾ, അവയുടെ സമയക്രമം, നിർവഹണ സംവിധാനങ്ങൾ, കാര്യങ്ങളുടെ ഉത്തരവാദിത്വവും, മേൽനോട്ടവും തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള ശരിയായ ദർശനം ശാസ്ത്രബോധം, യുക്തിചിന്ത എന്നിവ ഓരോ മലയാളിക്കും ഉണ്ടാകണം. മേൽപ്പറഞ്ഞവയെല്ലാം സമഗ്രം ആവണമെങ്കിൽ വിശാലമായ ജനമനസ്സുകൾ വേണം . കോവിഡും ഉരുൾപൊട്ടലും

ചുഴലിയും എല്ലാം വിശാലമായ ജനമനസ്സുകൾ വാർത്തെടുക്കുന്ന കുരുക്ഷേത്ര ഭൂമികൾ ആകും എന്ന് നമുക്ക് പ്രത്യാശിക്കാം.



# ലോക്ക് ഡൗൺ

**Priya. M.A**

ലോക്ക് ഡൌൺ ....
പുതിയൊരു തിരിച്ചറിവ്
                    സ്വയവും
ചുറ്റുമുള്ളവരാലും...
ഷോപ്പിങ്ങും യാത്രയും
ഒന്നുമില്ലെങ്കിലും സന്തോഷിക്കാം...
വിശിഷ്ട
ഭോജ്യങ്ങളില്ലെങ്കിലും
വയർ നിറക്കാം....
സൗഹൃദങ്ങൾക്കും കാഴ്ചയുടെ അകലം
വിള്ളലുണ്ടാക്കാം......
 പുതിയ രീതികൾ ജീവിതത്തിൽ ശീലമാക്കാം.....
ഇന്നിൽ മാത്രം ജീവിക്കാൻ പഠിക്കാം....
ഞാനും നീയും ഈ ലോകത്തിനു ഒന്നുമല്ലതാകാം.....
പ്രക്രതിയെ മറ്റു ജീവനെ സ്നേഹിക്കാൻ പഠിക്കാം.......
അവസാനം
ഈ കാലവും കഴിഞ്ഞു പോകുമ്പോൾ
ഒരിക്കലും മാറില്ലെന്ന് മനസ്സിനെ പഠിപ്പിക്കാം......


**കവിത**




# ലോക്ഡൗൺ ചങ്ങലപൊട്ടുമ്പോൾ

**രകിഷ. എം**

**അ**യാൾ എല്ലാ അർത്ഥത്തിലും
സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു
വീട്ടിലുള്ളവരെ ഒഴിവാക്കി
അയാൾ ഏകനായ് യാത്രകൾ ചെയ്തു.
തന്നിഷ്ടങ്ങൾ നാണമില്ലാതെ
ചെയ്താസ്വദിച്ചു
വീട്ടിലിരിക്കുമ്പോൾ ഫേസ്ബുക്കിലും വാട്സാപ്പിലും
അയാൾ അമ്മാനമാടി.
ലോക്ഡൗണിൽ ആണ് വീടിന് അയാളെ തിരിച്ചു കിട്ടിയത്
അമ്പതിനായിരത്തിന്റെ ഫോണിന്റെ
തലോടലിൽ ചിതലരിച്ച
വീടിനെ അയാൾ കണ്ടില്ല
മാറാല കെട്ടിയ ഉത്തരത്തിനു
മുമ്പിൽ തലയ്ക്കുമുകളിൽ
ഒരായിരം ചോദ്യങ്ങൾ ഊഞ്ഞാലാടി
വർഷങ്ങൾക്കു മുന്പേ ഐസൊലേഷനിലായ
അമ്മയേയും ഭാര്യയേയും
അയാൾ തുറിച്ചു നോക്കി
വീട്ടിൽ സാമൂഹിക അകലം
പാലിച്ചിരുന്ന അയാൾ
പതിയെ വീടിനെയും വീട്ടുകാരെയും
മാസ്കിന്റെയും സാനിറ്റൈസറിന്റെയും
ഒപ്പം കൂട്ടി



# Silence

Sujisha. K

The language of voice and voiceless
The music of nature
It's  the communication between day and night
The sufferings of women
The sword against voilence
The lyrics of lovers
It means the peace of river
The partner of loneliness
The part of everyone
The mediator of soul and body and at last
It's the world of me.

# ഭയം

Deepa Kooranthodi
HST, NNMHSS

കണ്ണിൽകാണുന്നതിനെഒന്നും
ഭയമില്ലാത്ത മനുഷ്യൻ
ഇന്ന് ഭയക്കുന്നത്
കണ്ണുകൊണ്ട് കാണാൻ ആവാത്ത ഒന്നിനെ
മരണത്തെ പോലും ഭയമില്ലാത്തവൻ
ഇന്നാദ്യമായി  മരണങ്ങൾ നേരിൽ കാണുന്നു
വീട്ടിൽ ഇരിക്കാൻ ഭയക്കുന്നവർ
ഇന്നു വീട് വിട്ടിറങ്ങാൻ ഭയക്കുന്നു
ഭയം എന്തെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയ മനുഷ്യൻ
ഇന്നാഭയത്തെ,
കോവിഡ എന്നും കൊറോണ എന്നും
പേരിട്ടു വിളിച്ചു





# എന്റെ കൊറോണിയൻ കാലം

**സുരേഷ് ബാബു വി പി**
HST, NNMHSS

അത്യധികം വേദന നിറഞ്ഞ കൊറോണിയൻ കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. 'എത്രത്തോളം ശ്രദ്ധിച്ചാലും മതിയാകാത്ത അവസ്ഥ, അത്ര മാത്രം നമ്മൾ ജാഗ്രത കൈവിടാതെ പോകേണ്ടിയിരിക്കുന്നു. ഒരു വൈറസ് ഭീകരൻ ലോകത്തെയാകെ തന്റെ അച്ചുതണ്ടിൽ നിർത്തി കറക്കുകയാണ്.

ഒരു അധ്യാപകനെന്ന നിലയിൽ ഏതൊരു വ്യക്തിയും ആഗ്രഹിക്കുന്നത് സ്കൂളിൽ വന്ന് കുട്ടികളുമായി സംവദിക്കാനും അവരെ പഠിപ്പിക്കാനുമാണ്' ഞാനും അങ്ങിനെ തന്നെ .

എങ്കിലും ഇപ്പോൾ നമുക്കെന്ത് ചെയ്യാനാകും.

ഈ കൊറോണിയൻ കാലം വേഗം മാറണം, അതിന് നാം തന്നെ സ്വയം ജാഗരൂഗരാകണം.

ഈ കാലത്ത് അധ്യാപകർ ഒട്ടേറെ വെല്ലുവിളികളെയാണ് അതിജീവിക്കുന്നത്. അധ്യാപകന്റെ ഒരു ദിവസമെന്നത് അധികം സമയവും സ്കൂളിലാണ്.

അധ്യാപന ജോലിയുടെ സമൂലമായ മാറ്റത്തിലൂടെ കടന്നുപോകാൻ നാം തയാറായ കൊറോണിയൻ കാലം.

ഈ കാലത്തിന്റെ തുടക്കത്തിൽ തന്നെ പല കടമ്പകളെയും നാം നേരിട്ടു.

പരീക്ഷകൾ നടത്താൻ നാം കാണിച്ച കരുതൽ അധ്യാപനത്തോടുള്ള പ്രതിബദ്ധതയാണെന്ന് പറയേണ്ടിയിരിക്കുന്നു. ഒരു വിദ്യാർത്ഥിക്ക് പോലും രോഗം പകരാതെ പരീക്ഷ നടത്താൻ കഴിഞ്ഞത് ആ ജോലിയുടെ മഹത്വം കൊണ്ടും നമ്മുടെ വിവേകവും കരുതലും കൊണ്ടുമാണ്.

എനിക്കും പരീക്ഷാ ഡ്യൂട്ടി ഉണ്ടായിരുന്നു. അത്യധികം ശ്രദ്ധാലുക്കളായാണ് നമ്മൾ ഡ്യൂട്ടി ചെയ്തത്,

പിന്നീട് വായനശാലകളിലും നാം കുട്ടികൾക്ക് കൈത്താങ്ങായി. കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായി ഉപകരണങ്ങൾ എത്തിച്ചു കൊടുക്കുവാനും എനിക്ക് സാധിച്ചു.

കോവിഡ് കാലം ദിവസവും കുട്ടികൾ എത്രത്തോളം സോഷ്യൽ മീഡിയയുടെ മുൻപിൽ ഇരിക്കുന്നുവോ അതിലധികം സമയം സോഷ്യൽ മീഡിയയിലും വിക്ടേഴ്സ് ചാനലിൽ കാണിക്കുന്ന ക്ലാസിന്റെ അനുബന്ധ പ്രവർത്തനങ്ങളിലും അധ്യാപകർ ഇടപെടുന്നു.

ഈ മാറ്റത്തിന്റെ വിജയം ഈ മേഖലയിൽ ഈ മഹാമാരിയുടെ കാലത്തും കുട്ടികളെ കോർത്തിണക്കി മുന്നോട്ട് പോകാൻ സഹായിക്കുന്ന അധ്യാപകന് കൂടി അവകാശപ്പെട്ടതാണ്.

വിവിധ മീഡിയകളിലൂടെ ക്ലാസെടുക്കുവാനും എനിക്ക് അവസരം ലഭിച്ചു.

മാറ്റം ഉൾകൊള്ളാനും അതിലൂടെ കുട്ടികളെ വെല്ലുവിളികളെ അതിജീവിച്ച് കൊണ്ടു പോകുവാനും അധ്യാപകർ കാണിക്കുന്ന ഈ പ്രവർത്തനം ഈ മേഖലയ്ക്ക് തന്നെ പുത്തൻ ഊർജ്ജം പകർന്നിട്ടുണ്ട് .

ഈ രോഗത്തെ നാം അതിജീവിക്കും എന്നാലും നമ്മളെ എന്നും ലോകം ഓർക്കും

ഈ മഹാമാരിയിൽ ഗ്രസിക്കപ്പെടുന്ന സമയത്തും ഭാവിതലമുറയെ വിദ്യയുടെ ലോകത്ത് ഒരു പിടി മുന്നിലായി നയിച്ച

നല്ല

അധ്യാപകരെന്ന്..........

കഥ

# നിർവചനങ്ങൾ

നീലിമ. സി. കെ



സാവിത്രി സൈറ്റിൽ തിരയാൻ തുടങ്ങിയിട്ട് പത്തു മിനിറ്റ് കഴിഞ്ഞിരിക്കുന്നു. ഭർത്താവും മക്കളും മുറുമുറുക്കാൻ തുടങ്ങിയപ്പോഴാണ് താനെഴുന്നേറ്റതെന്നവൾ പറഞ്ഞു. പുതു വഴി വെട്ടുന്നവരെ സമൂഹം എതിർക്കുന്നുവെന്ന കക്കാടിന്റെ വരികൾ മനസ്സിലോർത്തു. ആദ്യമായിട്ടാണ് താൻ കമ്പ്യൂട്ടറിൽ ഇത്രയും സമയം ചെലവഴിച്ചത്.

അടുക്കളയിലെ പത്തു മിനിറ്റ് നഷ്ടപെട്ടല്ലോ എന്നോർത്തപ്പോൾ അങ്ങോട്ടോടി. ഇമ്പോസിഷൻ പോലെ ആവർത്തന വിരസതയുള്ള പണികൾ. അടുക്കളയിൽ അത്ഭുതങ്ങൾ കാണിക്കണമെന്നുണ്ട്. ആർക്കുവേണ്ടി എന്നാലോചിച്ചപ്പോൾ ഇമ്പോസിഷൻ എഴുതുന്ന കുട്ടിയാവാമെന്നുറപ്പിച്ചു

സ്വാതന്ത്ര്യത്തിന്റെ നിർവചനങ്ങൾക്കായാണ് ഞാനാ സൈറ്റ് സെർച്ച് ചെയ്തത്. ക്ലാസ്സിലെ മിടുക്കിയായ ദിയയ്ക്ക് വേണ്ടിയാണ് ഞാനാ സൈറ്റ് സെർച്ച് ചെയ്തത്. സ്വാതന്ത്ര്യത്തെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്ന അധ്യാപികയുടെ വീട്ടിലെ ഷെൽഫ് നിറച്ചും നിർവചനങ്ങളാണെന്ന് ഞാനാണെങ്കിലും തെറ്റിദ്ധരിക്കും.


ഓ എന്റെ കുറെ ഓട്ടോഗ്രാഫ് കളുണ്ടല്ലോ ക്യാമ്പസ് ജീവിതത്തിൽ അതിന്റെ സ്വാതന്ത്ര്യത്തിൽ ഞാൻ സമ്പാദിച്ചവ...

അന്ന് ക്ലാസ്സിലെ ബുദ്ധി ജീവികൾ എഴുതിത്തന്ന ചില നിർവചനങ്ങൾ മഹാത്മരുടെ നിർവചനങ്ങളെയെല്ലാം വെല്ലുന്നവയായിരുന്നു.' ഊണു കഴിച്ച് അതൊന്നു തപ്പിനോക്കാം. ദിയ എന്റെ സ്വാതന്ത്ര്യത്തെ സംശയിക്കരുതല്ലോ . ഊൺമേശയിൽ അതേപറ്റി പറഞ്ഞപ്പോൾ ഉടനെ വന്നു മറുപടി. 'ഓ അമ്മക്കാവശ്യമുണ്ടയിരുന്നോ, കഴിഞ്ഞാഴ്ച ഞങ്ങളതെല്ലാം തൂക്കി വിറ്റു. അന്ന് നമ്മൾ ഐസ്ക്രീം കഴിച്ചതോർക്കുന്നില്ലേ'

ശരീരം പെട്ടെന്ന് വലിയൊരു ഐസ്ക്രീം ആയി മാറി. ഇവർ വെറുമൊരു ചെറിയ ഐസ്ക്രീമിന് എന്റെ സ്വാതന്ത്ര്യത്തെ തൂക്കി വിറ്റിരിക്കുന്നു. രാവിലെ ദിയയെ കണ്ടപ്പോൾ താൻ വീണ്ടുമൊരു ഐസ്ക്രീമായി മാറുന്നത് സാവിത്രി അറിഞ്ഞു. 'ടീച്ചർ കിട്ടിയോ? ഇല്ലെങ്കിൽ വേണ്ട 'അവൾ പറഞ്ഞു. 'എനിക്കു കിട്ടി തകർപ്പൻ നിർവചനങ്ങൾ. ഞാനിന്നലെ ടൌൺ ലൈബ്രറിയിൽ പോയി സംഘടിപ്പിച്ചതാ.' നന്നായി മോളെ എന്നു പറയാൻ തുടങ്ങുപോഴേക്കും ദിയ കൂട്ടിചേർത്തു. 'ഞാൻ ഒറ്റക്കാ പോയത്'

ചിരിച്ച് അഭിനന്ദിക്കാൻ ശ്രമിച്ചെങ്കിലും ചിരി വന്നില്ല. ഇത്രയും പറഞ്ഞൊപ്പിച്ചു. 'ദിയ നിനക്കു കിട്ടിയ ഈ സ്വാതന്ത്ര്യത്തെ നീ ഒരിക്കലും തൂക്കി വിൽക്കരുത്.

# ഒരു ആസ്വാദനക്കുറിപ്പ്




**Sofia PP**
**HST Englsih**

ലോക് ഡൗൺ കാലയവിൽ വർഷങ്ങൾക്കു മുൻപു വായിച്ച പല പുസ്തകങ്ങളും വീണ്ടും വായിക്കാനിടയായി. പുതിയ അർത്ഥതലങ്ങൾ കണ്ടെത്താനുമായി. അത്തരമൊരു അനുഭവത്തിന്റെ പങ്കു വക്കലാണിത്. എന്നെ വളരെയധികം ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്ത പല പുസ്തകങ്ങളിൽ ഒരു നോവലിനെക്കുറിച്ചാണ് ഈ കുറിപ്പ്. റഷ്യൻ സാഹിത്യകാരനായ മാക്സിം ഗോർക്കിയുടെ 'അമ്മ' എന്ന നോവലാണത്. ഇത്രയേറെ പേർ വായിക്കുകയും ജനകോടികളുടെ ജീവിതങ്ങളെ ഇത്രത്തോളം സ്വാധീനിക്കുകയും ചെയ്തിട്ടുള്ള പുസ്തകങ്ങൾ വളരെ കുറവാണ്.

1902 ൽ ആണ് അമ്മ എഴുതാൻ ഗോർക്കി തീരുമാനിക്കുന്നത്. സോർമോവോ എന്ന തൊഴിലാളി കേന്ദ്രത്തിൽ നടന്ന വിപ്ലവവും തുടർന്നുണ്ടായ ഏറ്റുമുട്ടലുകളുമാണ് ഈ നോവലെഴുതാൻ ഗോർക്കിയെ പ്രേരിപ്പിച്ചത്. അന്നത്തെ സംഭവത്തിൽ പങ്കെടുത്ത പലരേയും ഗോർക്കിക്ക് നേരിട്ടറിയാമായിരുന്നു. പ്രകടനത്തിനു മുമ്പിൽ കൊടി പിടിച്ചയാളും സോർമോ വോയിലെ സോഷ്യൽ ഡെമോക്രാറ്റിക് സംഘടനയുടെ നേതാക്കളിൽ ഒരാളുമായിരുന്ന പ്യോത്തർസലോ മൊവും അയാളുടെ അമ്മ അന്ന കരീ ലോവ്നയും അക്കൂട്ടത്തിൽ പെടുന്നു. അവരാണ് പിന്നീട് നോവലിൽ പാവെൽ വ്ലാ സോവും പില ഗേയ നീലോവ് ന യുമായി മാറിയത്.

'അമ്മ' ആദ്യമായി പ്രസിദ്ധീകരിച്ചത് ഇംഗ്ലീഷ് ഭാഷയിലാണ്. ന്യൂയോർക്കിലെ ആപ്പിൾട്ടൻ മാഗസിനിൽ 1906 ഡിസംബറിനും 1907 ഫെബ്രുവരിക്കുമിടക്ക് ഇത് പ്രസിദ്ധപ്പെടുത്തി. സെൻസർ ചെയ്ത സീക്ഷിപ്ത രൂപത്തിൽ മാത്രമേ റഷ്യയിൽ ഇത് പുറത്തിറക്കാൻ കഴിഞ്ഞുള്ളൂ. ഗ്രന്ഥകാരന്റെ പേരിൽ കോടതി നടപടികൾ എടുക്കുകയും ചെയ്തു. 1917 നു ശേഷം മാത്രമാണ് നോവലിന്റെ യഥാർത്ഥ രൂപം റഷ്യയിൽ പ്രസിദ്ധീകരിച്ചത്.

ഈ നോവലിനു ലഭിച്ച പ്രചാരം അത്ഭുതപ്പെടുത്തുന്നതായിരുന്നു. എന്തിനു പറയണം യൂറോപ്പിലെ തൊഴിലാളി വർഗ്ഗത്തിനു 'അമ്മ' ഒരു അവശ്യ ഗ്രന്ഥമായിത്തീർന്നു. പിന്നീട് ലോകം മുഴുവനും ഈ ഗ്രന്ഥത്തെ നെഞ്ചിലേറ്റി.

തൊഴിലാളി വർഗ്ഗത്തിന്റെ ജീവിതം, സ്വേച്ഛാധിപത്യത്തിനും ബൂർഷ്വാസിക്കുമെതിരായ അതിന്റെ സമരം അതിന്റെ വിപ്ലവബോധത്തിൽ വരുന്ന വളർച്ച, തൊഴിലാളികളുടെ ഇടയിൽ നിന്നു തന്നെയുള്ള നേതാക്കളുടെ ആവിർഭാവം മുതലായവയാണ് ഈ നോവലിന്റെ ഇതിവൃത്തം'. എന്നാൽ വിപ്ലവസമരത്തിന്റെ ഒരു വിവരണം മാത്രമല്ല ഈ നോവൽ. അതു മാ ത്രമായിരുന്നു ഗോർക്കി ഉദ്ദേശിച്ചിരുന്ന തെങ്കിൽ നോ വലിന്റെ കേന്ദ്ര കഥാപാത്രം' ഒരു തൊഴിലാളിയുടെ വിധവയും മറ്റൊരു തൊഴിലാളിയുടെ അമ്മയു'മായ പില ഗേയ നീലോവ്ന ആവില്ലായിരുന്നു. ആ സമരത്തിലൂടെ മനുഷ്യന്റെ അന്തരാത്മാവിനു സംഭവിക്കുന്ന മാറ്റങ്ങളും കൂടിയാണ് നോവലിന്റെ ഇതിവൃത്തം.

വയസ്സു നാൽപതേ ആയിട്ടുള്ളൂവെങ്കിൽ കൂടി ഒരു വൃദ്ധയായി കഴിഞ്ഞെന്ന തോന്നലാണ് നീ ലോവ് നക്ക് . ശരിക്കു പറഞ്ഞാൽ അവർ ശൈശവ മോ യൗവ്വനമോ കണ്ടിട്ടില്ല. ഇതെല്ലാം അവർക്ക് പ്രാപ്യമാകുന്നത് നാൽപ്പതു കഴിഞ്ഞിട്ടാണ്. അപ്പോഴാണ് ആദ്യമായി പ്രപഞ്ചത്തിന്റെ അർത്ഥവും സൗന്ദര്യവും കണ്ടെത്തുന്നത്, സ്വന്തം ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കുന്നത്. മകൻ പാവെൽ ഒരു ഊരുക്കു മനുഷ്യനാണ്. ഒരു അപൂർവമനുഷ്യനു്രീ സന്യാസിയുടെ കാർ ക്കശ്യമുള്ളവനും അടച്ചുകെട്ടിയ വനും ആയിരുന്നു അയാൾ. ഒരു വിപ്ലവകാരി.

തുടക്കത്തിൽ മാതൃ സ്നേഹത്തിന്റെ പ്രേരണയാലാണ് അമ്മ വിപ്ലവ സമരത്തിന്റെ പാത സ്വീകരിക്കുന്നത്. സമരം അവരെ മാതൃത്വത്തിന്റെ ആനന്ദവും ഉത്തരവാദിത്തവും മനസ്സിലാക്കാൻ സഹായിക്കുന്നു.' ആദർശത്തിന്റെ കാര്യത്തിലും അമ്മയെ സ്വന്തമെന്നു വിളിക്കാൻ കഴിയുന്നത് ഒരു അപൂർവ്വ സൗഭാഗ്യമാണ്' എന്നു പാവേൽ പറയുന്നുണ്ട്. മകനോടുള്ള ഈ ആത്മീയ ബന്ധത്തോടൊപ്പം നീ ലോവ് നയുടെ മാതൃ സ്നേഹവും വളർന്നു പന്തലിച്ച് ' സഖാക്കൾ' എന്ന പദത്തിലുൾക്കൊള്ളുന്ന മുഴുവനാളുകളെയും ആശ്ലേഷിക്കുന്നു.

മനുഷ്യനെ ബാഹ്യമായി കീഴ്പെടുത്തുന്ന ശക്തികൾക്കെതിരായ സമരത്തിലൂടെ മാത്രമേ അവന് ആന്തരികമായി സ്വാതന്ത്ര്യവും പരിശുദ്ധിയും നേടാൻ കഴിയൂ എന്ന് ഇതിലെ കഥാപാത്രങ്ങ വ്യക്തമാക്കുന്നു. റി ബീൻ പറയുന്നു: 'മനുഷ്യനെ ഉടച്ചുവാർക്കേണ്ടിയിരിക്കുന്നു. ഒരുത്തനു ചൊറി പിടിച്ചാൽ അയാളെ കുളിപ്പുരയിൽ കൊണ്ടുപോയി കുളിപ്പിച്ച് വൃത്തിയുള്ള വസ്ത്രം ധരിപ്പിച്ചാൽ അയാൾക്കു സുഖമാവും. പക്ഷേ മനുഷ്യരുടെ ഉള്ളെങ്ങനെ ശുദ്ധിയാക്കും ?' നോവലിൽ അതിന്റെ ശോകാത്മകമായ പര്യവസാനത്തിൽ മനുഷ്യനിൽ വിശ്വാസം തുളുമ്പുന്ന ഈ വാക്കുകൾ നമുക്കു വായിക്കാം 'പുതുജീവൻ നേടിയ ആത്മാവിനെ കൊല്ലാൻ സാദ്ധ്യമല്ല.'

Kavitha. PC

# ഒരു ഡിജിറ്റൽ മാഗസിൻ അനുഭവം



ആദ്യമായി ആ സ്കൂളിന്റെ പടി വാതിൽ എത്തിയപ്പോൾ ശരിക്കും ഒരു അന്ധാളിപ്പ് ആണ് തോന്നിയത്. അച്ഛന്റെ കൈ പിടിച്ച് ആദ്യമായി ഒന്നാംക്ലാസിൽ എത്തിച്ചേർന്ന അതേ അനുഭവം. ഇവിടെയെത്തിയത് പഠിക്കാൻ അല്ല പഠിപ്പിക്കാനാണ് എന്നുമാത്രം പക്ഷേ ആ അമ്പരപ്പു കളെല്ലാം അവസാനിച്ചത് എന്റെ സഹപ്രവർത്തകരെ കണ്ടപ്പോഴാണ്. സഹപ്രവർത്തകർ സുഹൃത്തുക്കൾ എന്നതിലുപരി ഗുരു സ്ഥാനീയർ എന്നുവേണം പറയാൻ. അതിലേറെയും എന്നെ ആകർഷിച്ചത് എന്റെ സീനിയേഴ്സിനെ തന്നെയാണ് അവരെ ശരിക്കും എന്റെ ചേച്ചിമാർ എന്നുവേണം പറയാൻ. പടിപടിയായുള്ള അധ്യാപന ജീവിതത്തിൽ അവരുടെ സ്വാധീനം എന്റെ ജീവിതത്തിൽ വളരെയേറെയാണ്. അങ്ങനെ വർഷങ്ങൾ പോയിക്കൊണ്ടിരുന്നു കൊറോണ എന്ന മഹാമാരി വിദ്യാല ജീവിതത്തെ ശരിക്കും മാറ്റിമറിച്ചു വിദ്യാർഥികൾക്ക് അവരുടെ സുഹൃത്തുക്കൾ എങ്ങനെ നഷ്ടമായി അതുപോലെ തന്നെയായിരുന്നു അധ്യാപകർക്കും അവരുടെ കൊച്ചുകൊച്ചു ഇണക്കങ്ങളും പിണക്കങ്ങളും കുശുമ്പും രസകരമായ അനുഭവങ്ങൾ എല്ലാം പെട്ടെന്ന് അവസാനിച്ചു ഈ പ്രതിസന്ധികൾക്കിടയിൽ ആണ് ഒരു മാഗസിൻ തയ്യാറെടുപ്പിനെക്കുറിച്ച് ഉള്ള ചർച്ച വന്നത് എല്ലാവരും അവരുടേതായ സൃഷ്ടികളെല്ലാം അയച്ചുതരണം അതിനായി എല്ലാവരും വളരെ ഊർജ്ജസ്വലരായി തന്നെ പ്രയത്നിച്ച ശരിക്കും കൂടെയുള്ളവരെ കണ്ടപ്പോൾ അസൂയ തോന്നി എല്ലാവർക്കും എന്തുമാത്രം കഴിവുകളാണ് പിന്നെ ഞാനും മടിച്ചുനിന്നില്ല കഥയും കവിതയും ലേഖനവും എങ്ങനെയൊക്കെയോ തലപുകച്ചു തയ്യാറാക്കി അപ്പോഴാണ് ഞങ്ങളുടെ കൂട്ടത്തിൽ സരസനായ ഒരു അധ്യാപക സുഹൃത്തിനെ ഞാൻ ശ്രദ്ധിച്ചത് എല്ലാവരും അവരുടെ സൃഷ്ടികളെല്ലാം കൺവീനർക്ക് അയച്ചു കൊടുക്കുന്നു പക്ഷേ ഇദ്ദേഹത്തിന്റെ മാത്രം ഒരു വിവരവുമില്ല അറിയാനായി ഒരു ആകാംഷ തോന്നി വെറുതെ ഒരു മെസ്സേജ് അയച്ചു എന്താണ് സുഹൃത്ത് അനുഭവങ്ങൾ ഒന്നുമില്ല? അതിന് അദ്ദേഹത്തിന്റെ റിപ്ലൈ ഒരു ബ്ലാങ്ക് മെസ്സേജ് ആയിരുന്നു എനിക്ക് മനസ്സിലാവാത്തത് കൊണ്ട് ഞാൻ ചോദിച്ചു അല്ല മനസ്സിലായില്ല?. അദ്ദേഹത്തിന്റെ ആഗിരണം കേട്ടപ്പോൾ ശരിക്കും എനിക്ക് അത്ഭുതം തോന്നി അദ്ദേഹം പറഞ്ഞത് ഇതായിരുന്നു എല്ലാവരും പറഞ്ഞു മറന്ന അതേ കാര്യം ഈ ബ്ലാക്ക് മെസ്സേജ് പോലെയാണ് എന്റെ അനുഭവങ്ങളും അവിടെ നാം എന്തെഴുതുന്നു അതുപോലെയാണ് ഓരോ ചിന്തകളും ഏതുകാലത്തും നമ്മുടെ എല്ലാ ചിന്തകളും ഒരുപോലെയാണ് അവിടുള്ള വ്യാഖ്യാനങ്ങളാണ് വ്യത്യസ്തമാവുന്നത് ഈ കോവിഡ് കാലം അതുപോലെയാണ് നമ്മുടെ പ്രയാസങ്ങളും സന്തോഷങ്ങളും എല്ലാം വന്നു പോയിക്കൊണ്ടിരിക്കും നാമാണ് നമ്മുടെ ജീവിതത്തെ മുന്നോട്ടു കൊണ്ടു പോകേണ്ടത്.

# എന്റെ ഗുരുനാഥന്മാർ

ജയന്തി. കെ
H. S. T. Social science
NNMHSS CHELEMBRA

അറിവിന്റെ പാഠങ്ങൾ യാതൊരു പിശുക്കുമില്ലാതെ സ്നേഹത്തിൽ ചാലിച്ചു തന്ന് നമ്മുടെ വഴികാട്ടികളായ ഒരുപാട് ഗുരുനാഥൻമാർ നമ്മുടെ എല്ലാവരുടെയും ജീവിതത്തിലുണ്ടാവും. അവർ പകർന്നുതന്ന വെളിച്ചം മുന്നോട്ടുള്ള യാത്രക്ക് തന്ന പ്രകാശവും പ്രചോദനവും ചെറുതോന്നുമല്ല നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നത്. ചുരുക്കം ചിലർ ഗുരു സങ്കൽപ്പത്തിനോട് നീതിപുലർത്തു ന്നവരാണോ എന്ന സംശയത്തിന് ഇടനല്കുന്നവരുമുണ്ട്. പിന്നീട് അധ്യാപകജോലി തിരഞ്ഞെടുത്തപ്പോൾ കുട്ടികൾക്ക് ഒരുനല്ല അധ്യാപികയും സുഹൃത്തും ആവാൻ ശ്രമിക്കുമ്പോൾ ഈ പഠന കാല അനുഭവങ്ങൾ ഒരു നല്ല മാർഗദർശിയായി അനുഭവപ്പെടുന്നുണ്ട്.

വീണ്ടും ഒരധ്യാപക ദിനം കൂടി കടന്നു വരുമ്പോഴും മനസ്സിലേക്ക് ആദ്യം കടന്നു വരുന്നത് എന്റെ ഈ പ്രിയ അദ്ധ്യാപകരുടെ ആ ചിരിക്കുന്ന മുഖങ്ങൾ തന്നെ.

പഠനത്തിൽ മിടുക്കരായ കുട്ടികളെ ആവോളം പ്രോ ൽസാഹിപ്പിക്കണമെന്നതിൽ തർക്കമില്ല. എന്നിരുന്നാലും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടുതൽ ചേർത്ത് നിർത്തണമെന്നത് അധ്യാപകർ എപ്പോഴും ഓർക്കേണ്ട വലിയ ഒരു കാര്യമാണ്. ചില പാഠ്യ വിഷയങ്ങൾ തന്നെ ചിലപ്പോൾ ചില കുട്ടികൾ വെറുത്തു പോകുന്നതിനും ഇത് കരണമായിക്കൂടായ്കയില്ല.

വർഷം 1993 ആണ്. ഞാനന്ന് എടക്കര ഗവൺമെന്റ് ഹയർ സെക്കൻററി സ്ക്കൂളിൽ അഞ്ചാം തരത്തിലാണ് പഠിക്കുന്നത്. അന്ന് ആ സ്ക്കൂൾ ഹയർ സെക്കൻററി ആയിട്ടില്ല. ഹൈസ്ക്കൂൾ മാത്രമാണ്. ഞങ്ങളെ മലയാളം ഉപപാഠപുസ്തകം പഠിപ്പിച്ചിരുന്നത് ഒരു ആസിയ ടീച്ചർ ആയിരുന്നു. ഈശ്വര ചന്ദ്ര വിദ്യാസാഗർ പ്രഫുല്ല ചന്ദ്രറേ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ മഹാൻമാരെയെല്ലാം കുറിച്ചായിരുന്നു അന്നത്തെ ഉപപാഠപുസ്തകത്തിൽ പഠിക്കാനുണ്ടായിരുന്നത്. അവരുടെ യെല്ലാം ബാല്യം തൊട്ടുള്ള ചരിത്രം. ടീച്ചർ ക്ലാസിൽ വന്നാൽ അന്ന് ആദ്യം എടുക്കേണ്ട പാഠഭാഗത്തിലെ മുഖ്യ ഭാഗങ്ങളെക്കുറിച്ചെല്ലാം പറഞ്ഞു തരും. പിന്നീട് ഓരോരുത്തരെയായി വായിപ്പിക്കാൻ എണീപ്പിച്ച് നിർത്തും. എന്നെ എപ്പോഴും ഒടുവിലായാണ് വിളിച്ചിരുന്നത്. അതിന് ഒരു കാരണമുണ്ട്. ഒഴുക്കോടെ തെറ്റാതെ സ്ഫുടമായി താളാത്മകമായി വായിക്കാനുള്ള കഴിവ് അപ്പോഴേക്കും ഞാൻ സ്വായത്തമാക്കിയിരുന്നു. അതിന് ചെറുപ്പം മുതലെ അച്ഛൻ തന്ന ശിക്ഷണം എനിക്ക് ഏറെ ഗുണം ചെയ്തിരുന്നു. ആസിയ ടീച്ചർ ഒടുവിലായി പറയും 'ഇനി ജയന്തി വായിക്കട്ടെ, ആദ്യം മുതൽ' അപ്പോൾ ഞാൻ വായിക്കാൻ തുടങ്ങും അവസാനം കണ്ഠമിടറുമ്പോഴേ ടീച്ചർ ഇരിക്കാൻ പറയാറുള്ളൂ. വായിച്ചു നിർത്തിക്കഴിഞ്ഞാൽ ഞാൻ ടീച്ചറുടെ മുഖത്തു നോക്കും. അപ്പോൾ ടീച്ചറുടെ മുഖത്തു വിരിയുന്ന ഒരു പുഞ്ചിരിയുണ്ട്. അഭിനന്ദനത്തിന്റേയും സംതൃപ്തിയുടേയും നിറഞ്ഞ വെളിച്ചത്തിൽ നമുക്കു നൽകുന്ന ഒരു പുഞ്ചിരി .അതു നൽകിയിരുന്ന ആത്മവിശ്വാസം ചെറു തൊന്നുമല്ല .




എഴുത്ത് മാത്രമല്ല വായനയും ഒരു കലയാണ്. നല്ല ശബ്ദത്തിൽ നിർത്തേണ്ടിടത്ത് നിർത്തി താളാത്മകമായി അർത്ഥമറിഞ്ഞ് വായിച്ചാൽ കാര്യങ്ങൾ നന്നായി മനസ്സിലാകും. ഈ ഗുണങ്ങൾ ഞങ്ങൾക്കു പറഞ്ഞു തന്നതിൽ ആസിയ ടീച്ചർക്ക് വലിയ പങ്കുണ്ട്. യു.പി ക്ലാസിൽ സയൻസ് പഠിപ്പിച്ചിരുന്ന ഫൗസിയ ടീച്ചർ ഓർമ്മയിൽ തങ്ങി നിൽക്കുന്ന ഒരദ്ധ്യാപികയാണ് ക്ലാസിൽ എക്സ് പരിമെൻറ്സ് കൊണ്ടുവന്നു കാണിച്ച് ഞങ്ങളെ വിസ്മയിപ്പിച്ച ഫൗസിയ ടീച്ചർ ഞങ്ങൾ കുട്ടികൾക്ക് ഒരു ഹരമായിരുന്നു. പക്ഷേ യു പി ക്ലാസുകളിൽ സയൻസി നോട് ഉള്ള എന്റെ ആഭിമുഖ്യം

ഹൈസ്ക്കൂളിൽ എത്തിയപ്പോഴേക്കും ചോർന്നു. അതിന്റെ പ്രധാന കാരണം ഞാൻ നേരത്തെ സൂചിപ്പിച്ച അധ്യാപകർ കാണിച്ചിരുന്ന ഈ വിവേചനം തന്നെ .

എന്റെ ഹൈസ്കൂൾ ക്ലാസിൽ ബയോളജി പഠിപ്പിച്ചിരുന്ന ജോസൂട്ടി സർ ഞങ്ങൾ കുട്ടികൾക്ക് ഒരു മാതൃകയായിരുന്നു. ബയോളജിയോടൊപ്പം നേച്ചർ ക്ലബ്ബിന്റെ നേതൃത്വസ്ഥാനം സാർ ഏറ്റെടുത്തിരുന്നു. പ്രകൃതിയോട് ബന്ധപ്പെട്ട എത്രയോ സ്ഥലങ്ങളിലാണ് ഞങ്ങൾ ക്ലബ്ബ് അംഗങ്ങളെ കൊണ്ടുപോയിട്ടുണ്ടായിരുന്നത്. ശനി, ഞായർ ദിവസങ്ങളിലായാണ് സാർ ഇതിന് സമയം കണ്ടെത്തിയിരുന്നത്. നിഷ്കാമകർമ്മം. അതു മാത്രമല്ല കുട്ടികളെ ചെറിയ കാര്യങ്ങൾ ഏൽപ്പിച്ച് നേതൃസ്ഥാനത്തേക്ക് ഉയർത്താനും സാർ ശ്രദ്ധിച്ചിരുന്നു. അങ്ങേയറ്റത്തെ ക്ഷമാശാലി. എല്ലാ ആഴ്ചയിലും നേച്ചർ ക്ലബ്ബിന്റെ മീറ്റിംഗ്. ഇന്ന് സാർ ജീവിച്ചിരിപ്പില്ല. സാറിന്റെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.

മുതിർന്ന ക്ലാസുകളിൽ ചരിത്രവും സാമ്പത്തിക ശാസ്ത്രവും പഠിപ്പിച്ചു തന്ന എന്റെ മേഴ്സി ടീച്ചറേയും സുമ ടീച്ചറേയും ഈ അവസരത്തിൽ ഓർക്കാതെ വയ്യ. 'Give respect Take respect' എന്ന പോളിസി ജീവിതത്തിൽ എനിക്ക് കാണിച്ചു തന്നത് ഇവരാണ്. ഇപ്പോഴും തുടരുന്നു ഈ അധ്യാപകരുമായുള്ള ആത്മബന്ധം . ഗുരു ശിഷ്യ ബന്ധം ഒരു ഘട്ടം കഴിഞ്ഞാൽ സുഹൃദ് ബന്ധം പോലെ വളരണം. ഈ അധ്യാപക ദിനത്തിലും ഞാൻ ഈ ഗുരുക്കൻമാരെ വിളിച്ചിരുന്നു. പഴയ സ്നേഹത്തിന് ഇപ്പോഴുമില്ല ഒരു കുറവും . ഫോൺ വച്ചു കഴിഞ്ഞപ്പോഴാണ് ഞാൻ ചിന്തിച്ചത്. യഥാർത്ഥത്തിൽ ഈ ഫോൺ വിളി പോലും എനിക്ക് ഒരു പാഠമായിരുന്നല്ലോ എന്ന് . പഴയ ശിഷ്യയായിട്ടല്ല എന്നെ അവർ കണ്ടത്. ഒരു സുഹൃത്തിനോടെന്നപോലെ പെരുമാറി. വീട്ടിലെ വിശേഷങ്ങളെല്ലാം ചോദിച്ചറിഞ്ഞു. കുടുബത്തെക്കുറിച്ച് തിരക്കി. മക്കളുടെ കാര്യങ്ങൾ അന്വേഷിച്ചു. എങ്ങനെ ശിഷ്യരോട് പെരുമാറണമെന്നതിന്റെ ഉദാത്ത മാതൃകകൾ.


ചെറിയ ഒരു ഇടവേളയിൽ മാത്രം ഒതുങ്ങുന്നതല്ല യഥാർത്ഥ ഗുരു ശിഷ്യ ബന്ധം. അതിന് സമയ പരിധിയില്ല. പഠനമെന്നത് ടെക്സ്റ്റ് ബുക്കിലെ കാര്യങ്ങൾ മാത്രം വിളമ്പുന്നതല്ല. അനുഭവത്തിന്റെ വെളിച്ചത്തിൽ ശിഷ്യർക്കത് പറഞ്ഞു കൊടുക്കുമ്പോൾ നമ്മൾ അനുഭവിക്കുന്ന ഒരു സുഖവും സംതൃപ്തിയുമുണ്ട്. അതിലൂടെ വളരുന്ന ഗുരു ശിഷ്യ ബന്ധത്തിന് കടലോളം ആഴമുണ്ട്. അത്തരം കടലോളം സ്നേഹം തന്ന ഗുരു നാഥൻമാർക്കെല്ലാം പ്രണാമം ഈ വേളയിൽ അർപ്പിക്കട്ടെ......

---

# സ്വപ്നജാലകം

**നൈന കെ**

ഓർമ്മയിൽ ചേർത്തെടുക്കാൻ
കഴിഞ്ഞതില്ല നിൻ രൂപമിതു വരെ
നിന്നെ തേടിയലഞ്ഞ ചിന്തകൾ ഇരുളിലേക്ക് ആഴ്ന്നൊരു നുറുങ്ങുവെട്ടം
മൂക സാന്ദ്രമായ് സന്ധ്യയിന്നേ തോ
രാപ്പാടി തൻ സാന്ത്വനം കേട്ടു .
പിൻവിളി കേട്ടെങ്കിലും
തിരിച്ചതില്ല നീ ഏകയായ്
നിഗഢമാം പാത തേടുന്നു
അർദ്ധസത്യങ്ങളും കപടനാദ്യങ്ങളും ,
പരിചിതമായ നിൻ കൺകളടച്ചു
തുറന്ന തീ ഗൂഢ രഹസ്യത്തിലേക്ക്
' രൂപമില്ല ശബ്ദമില്ല അമൂർത്തമെങ്കിലും രംഗബോധമില്ലാതെ വിളയാട്ടമാടുന്നു -ശുദ്ധൻ
പതിവു വാക്യങ്ങൾ ക്കുപരിയായി നീ മൊഴിഞ്ഞ അബോധജല്പനം കേട്ടുണർന്നു ഞാൻ പകച്ചു നോക്കി.
വികൃത രൂപമായി തൻ കൈകൾ നീട്ടി പിടിയ്ക്കുന്നു കൂരിരുൾ
കുതറി ഓടി ഞാൻ ആഴത്തിലേക്ക്, മാറ്റൊലിയില്ലാതെ
ഒരു നിമിഷം അമ്മയുടെ
ഗർഭപാത്രം തേടിയെങ്കിലും തുറക്കപ്പെടാതെ വീണ്ടുമൊരു സ്വപ്ന ഗാഥയിലൂടെ ......




**സുബീന പി.എം.**
(ഫിസിക്കൽ സയൻസ്)

# ഖസാക്കിന്റെ ഇതിഹാസം
## ഒരു ആസ്വാദനം

മലയാളത്തിന്റെ പ്രശസ്ത എഴുത്തുകാരൻ ഒ.വി. വിജയൻ 1969–ൽ എഴുതിയ 'ഖസാക്കിന്റെ ഇതിഹാസം ' എന്ന നോവൽ വായനക്കാർക്ക് എന്നും പ്രിയപ്പെട്ടതാണ്. ഏകാദ്ധ്യാപക വിദ്യാലയത്തിലെ രവി എന്ന മാഷാണ് ഈ നോവലിലെ പ്രധാന കഥാപാത്രം .അദ്ദേഹത്തിന്റെ ഖസാക്ക്ജീവിതത്തിൽ കണ്ടുമുട്ടുന്ന ഒട്ടേറെ കഥാപാത്രങ്ങളെ നമുക്ക് ഇതിൽ പരിചയപ്പെടാം. കൂമൻകാവിൽ ബസ് ഇറങ്ങി ഖസാക്കിലേക്ക് നടക്കുമ്പോൾ പെട്ടി ചുമക്കാൻ ഒരാളെ കിട്ടി.ദൂരെ കാണുന്ന ചെതലിമലയെക്കുറിച്ചും കുതിരപ്പുറത്ത് കയറി എത്തിയ ഷേയ്ക്ക് തങ്ങളെക്കുറിച്ചും ,മലമുകളിലെ ഇടിഞ്ഞു പൊളിഞ്ഞ 'രാജാവിന്റെ പള്ളി' കളെക്കുറിച്ചും എല്ലാമുള്ള വിവരണം ഖസാക്കിന്റെ ഒരു പുതിയ ചിത്രം നമ്മുടെ മനസ്സിൽ പതിപ്പിക്കുന്നു.

ശിവരാമൻ നായർ ഭാര്യയുടെ ഞാറ്റുപുരയിലെ സഹവാസം ഇല്ലാതാക്കുന്നതിനാണ് സർക്കാർ വിദ്യാലയത്തിനായി ആ സ്ഥലം അന ുവദിക്കുന്നത് .അദ്ദേഹത്തിന്റെ അനന്തരവനായ മാധവൻ നായരാണ് രവിയോടൊപ്പം സ്ക്കൂളിൽ കുട്ടികളെ ചേർത്തുന്നത് മുതൽ അവസാനം രവി ഖസാക്ക് വിടുന്നത് വരെ കൂട്ടായി ഉള്ളത്. അള്ളാപ്പിച്ചാ മൊല്ലാക്കയുടെ എഴുത്തുപള്ളിയും കേലന്റെ സ്ക്കൂളുമാണ് ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നത്. മൊല്ലാക്കക്കായി വീട്ടിൽ നിന്നും കൊടുത്തയച്ച വെള്ളപ്പം വഴിയിൽ മയിലുകൾക്ക് കൊടുക്കുന്ന കുഞ്ഞാമിനക്ക് മൊല്ലാക്ക എന്നും മുഖ്യശത്രുവാണ് .അവൾക്ക് പ്രിയപ്പെട്ട അദ്ധ്യാപകനാണ് രവി .ചെതലിമലയിലേക്ക് വിനോദയാത്ര പോകുന്ന കുട്ടികളുടെ സംഘത്തിലും അവൾക്ക് മാഷ് തന്നെ കൂട്ട് .

അള്ളാപ്പിച്ചാമൊല്ലാക്ക കുട്ടികളെക്കൊണ്ട് ഊഴം വെപ്പിച്ച് പ്രഭാത ഭക്ഷണം തരമാക്കുന്നു .രവിയുടെ സ്ക്കൂളിൽ 'മസാൽച്ചി' പ്പണിക്കുള്ള അഞ്ചുരൂപ കൈപ്പറ്റി കുട്ടികളെ കൊണ്ട് സ്ക്കൂൾ വൃത്തിയാക്കിക്കുന്നു. ഇതിനെ ല്ലാം കാരണം അദ്ദേഹത്തിന്റെ ദാരിദ്ര്യം തന്നെ. മൊല്ലാക്കയുടെ മകളാണ് മൈമൂന. അർബുദം ബാധിച്ച് ഉപ്പ മരിക്കുമ്പോഴും ഖസാക്കിലെ സുന്ദരിയായി വിലസുകയാണ് അവൾ.16 വയസ്സിൽ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടു വന്ന അനാഥനായ നൈസാമലിയെ ക്കൊണ്ട് തന്റെ മകളെ വിവാഹം കഴിപ്പിച്ച് സഹായിയായി വളർത്തി കൊണ്ടുവരണമെന്ന് മൊല്ലാക്ക ആഗ്രഹിക്കുന്നു.



പക്ഷേ നൈസാമലി ബാങ്കുവിളിയെല്ലാം തെറ്റിച്ച് മൊല്ലാക്കയുടെ വിശ്വാസങ്ങളെ എതിർക്കുന്ന, മുടി നീട്ടിവളർത്തിയ ഖാലിയാർ ആയി ഖസാക്കിൽ എത്തുന്നു.

രണ്ടാം കെട്ടുകാരനായ മൈമൂനയുടെ ഭർത്താവ് മുങ്ങാങ്കോഴി എന്ന ചുക്രു രാവുത്തരുടെ ആദ്യ മകളാണ് രവിയുടെ സ്കൂളിൽ അടിച്ചുവാരാനെത്തുന്ന ആബിദ. ഖാലിയാരുമായുള്ള മൈമൂനയുടെ രഹസ്യ ബന്ധം കണ്ടു പിടിക്കുന്ന ആബിദ അവളുടെ വെറുപ്പിന് പാത്രമാകുന്നു.

ഖസാക്കുകാരുടെ അപ്പുക്കിളിയാണ് ആബിദയുടെ ഏകകൂട്ട് .അഞ്ചു സഹോദരിമാരിൽ ഇളയവളായ നീലിയുടെ മകനാണ് അപ്പുക്കിളി .ഇരുപത് വയസ്സായെങ്കിലും 'കതലമുത്തായി ' യും ' അരി മുതുക്കും, ' കിട്ടാനായി സ്കൂളിലെത്തുന്ന ബുദ്ധിയുറയ്ക്കാത്ത തുമ്പി പിടുത്തക്കാരനാണ് അവൻ .ഖാലിയാരുടെ ചികിത്സയിൽ നീലി മരിക്കുന്നതോടെ അനാഥനായ അപ്പുക്കിളിക്ക് അവസാനം അഭയമാവുന്നത് ഞാറ്റുപുരയുടെ മുറ്റത്തെ മാവിൻ ചുവടാണ്.

ചെത്തുകാരൻ കുപ്പുവച്ചൻ, ദൈവപ്പുരയിലെ കുട്ടാടൻ പൂശാരി ,ചായപ്പീടികക്കാരൻ അലിയാർ,കുഞ്ഞിനൂറുവിന്റെയും ചാന്തു മുത്തുവിന്റെയും ഉമ്മ, രവിക്ക് വസൂരി സമ്മാനിക്കുന്ന കോടച്ചി,മന്ത്രവിദ്യക്കാരനായ ഗോപാലുപ്പണിക്കർ,മൊല്ലാക്കയുടെ കീറക്കുപ്പായം തുന്നിത്തുന്നിച്ചേർക്കുന്ന തിത്തിബിയുമ്മ തുടങ്ങി ഒട്ടേറെ വൈവിധ്യമുള്ള കഥാപാത്രങ്ങൾ ഖസാക്കിൽ നമ്മൾ പരിചയപ്പെടുന്നു .

അസുഖം ബാധിച്ച അച്ഛനേയും ചിറ്റമ്മയേയും വീട്ടിൽ തനിച്ചാക്കി ഓണേഴ്സ് പരീക്ഷയുടെ തലേന്ന് രവി വീട് വിട്ടത് അച്ഛന്റെ മുഖത്തു നോക്കുമ്പോഴുള്ള കുറ്റബോധം കൊണ്ടായിരിക്കാം . സഹപാഠിയായ പത്മ സ്വിറ്റ്സർലന്റിൽ നിന്ന് റിസർച്ച് ചെയ്ത് മടങ്ങിവരുന്നു .രവിയെ അന്വേഷിച്ച് ഖസാക്കിലെത്തുന്നുവെങ്കിലും അവൾക്കും രവി പിടികൊടുക്കുന്നില്ല.

മലയാള ഭാഷക്ക് പുതിയ മാനങ്ങൾ നൽകിയ ഒ. വി.വിജയന്റെ മാസ്റ്റർ പീസ് 'ഖസാക്കിന്റെ ഇതിഹാസ 'മാണ് .ഈ നോവൽ അതിന്റെ ഭാഷാ വൈവിധ്യം കൊണ്ടും അവതരണ രീതി കൊണ്ടും വേറിട്ട് നില്ക്കുന്നു . ഖസാക്ക് എന്ന ഉൾനാടൻ ഗ്രാമത്തിലെ സാധാരണ മനുഷ്യരുടെ ജീവിത കഥ പറയുന്ന ഈ നോവൽ ഏറെ ഹൃദ്യമാണ്. ഖസാക്കിനോട് വിട പറഞ്ഞ് പോകുന്ന രവി കൂമൻകാവിലെത്തി ബസ്സുകാത്ത് നില്ക്കുന്നു .രവിയുടെ കാൽപാദത്തിൽ പാമ്പിന്റെ പത്തി വീണ്ടും വീണ്ടും പതിയുന്നതും , വാത്സല്യത്തോടും കൗതുകത്തോടും കൂടി രവിയെ നോക്കി മടങ്ങുന്ന പാമ്പിനേയും ,മഴവെള്ളത്തിന്റെ സ്പർശമേറ്റ് ബസ്സ് കാത്തു കിടക്കുന്ന രവിയേയും വരച്ചുകാട്ടി നോവൽ അവസാനിക്കുന്നു .

Saji. P

# ശാസ്ത്രമേള

വളരെ നാളുകൾക്കു ശേഷം ആണ് മനസ്സിൽ സന്തോഷം തോന്നിയത് ഒരു അധ്യാപിക അവരുടെ സന്തോഷത്തേക്കാൾ ഏറെ മുന്നിലിരിക്കുന്ന കുട്ടികളുടെ സന്തോഷം ആണല്ലോ പ്രധാനം പഠിപ്പിക്കുന്നതിനേക്കാൾ അതിനേക്കാളേറെ അവരുടെ മനസ്സിൽ സന്തോഷങ്ങളും വിഷമങ്ങൾക്കും ആണ് പ്രാധാന്യം നൽകേണ്ടത്. എല്ലാദിവസവും സ്കൂളിലെത്തുനു കൃത്യതയോടെ അവിടുത്തെ ഉത്തരവാദിത്വം ചെയ്തുതീർക്കുനു തിരിച്ചു വീട്ടിൽ അവിടുത്തെ ജോലികൾ കൃത്യമായി ചെയ്യുന്നു ശരിക്കുപറഞ്ഞാൽ ജീവിതം ഒരു യാത്രികമായ പോലെ. അങ്ങനെയിരിക്കുമ്പോഴാണ് ആ വർഷത്തെ മേളകൾ കടന്നുവന്നത്. എല്ലാം ചുമതലയും കൃത്യമായി തന്നെ കിട്ടി പക്ഷേ ഒന്നിനും ഒരു പൂർണത ഇല്ലാത്ത പേ ാലെ എല്ലാ സ്ഥലത്തും കുട്ടികളുടെ കൗൺസിലിംഗ് ആണ് പ്രാധാന്യം. അധ്യാപകരുടെ മാനസിക പ്ര യാസങ്ങളും വിഷമങ്ങളും സ്വന്തം മനസ്സാക്ഷഈ യായ സൈക്കോളജിസ്റ്റ് ആണ് പരിഹാരം കണ്ടുപിടിക്കേണ്ടതെ അവിടെ പരാതികൾക്കും വിഷമങ്ങൾക്കും സ്ഥാനമില്ല. അങ്ങനെ ഒരു മാനസിക പ്രയാസം കാലംകൂടിയായിരുന്നു ആ വർഷം അതുകൊണ്ടുതന്നെ ഒന്നിനോടും ഒരു താൽപ ര്യം തോന്നിയില്ല. രാവിലെ അതുപോലെ സ്റ്റാഫ് റൂമിലേക്ക് കയറി ചെന്നപ്പോൾ തന്നെ സ്ഥിരമുള്ള ബഹളം ആർക്കും ആരെയും കാണാനോ കേൾക്കാനോ നേരമില്ല. പ തിവ് ഗുഡ് മോർണിംഗ് പറഞ്ഞകൊണ്ട് സ്വന്തം സീറ്റിൽ സ്ഥാനംപിടിച്ചു അപ്പോഴാണ് ആരോ പറയുന്നത് കേട്ടു ഒബിആർസി യിൽ നിന്ന് ഇന്ന് മുതൽ ഒരു ചൈൽഡ് സൈക്കോളജിസ്റ്റ് കൂടിയുണ്ടെന്ന് എന്തോ ആവട്ടെ എന്നു കരുതി ക്ലാസിൽ പോയി തിരിച്ചെത്തിയപ്പോൾ അതാ ഒഴിഞ്ഞ സീറ്റിൽ ഒരാൾ ചുറ്റും അധ്യാപകർ സംസാരിക്കുന്നു എല്ലാവർക്കും തങ്ങളുടെ മക്കളുടെ കാര്യം പറയാൻ ഒരാളെ കൂടി കിട്ടിയതിന്റെ സന്തോഷം. ചൈൽഡ് സൈക്കോളജിസ്റ്റ് എന്നുപറഞ്ഞാൽ മന സ്സിലെ രൂപം വട്ടക്കണ്ണടയും താടിയും ഒരു ഒരു കാഷായ വേഷം ഒക്കെയായിരുന്നു ഇതിപ്പോൾ ഒരു ന്യൂ ജനറേഷൻ സൈക്കോളജിസ്റ്റ് ആണല്ലോ എന്ന് തോന്നി ഒരു ചിരി സമ്മാനിച്ചു എന്റെ തായ് ജോലികളിലേക്ക് ഞാനും കടന്നു. ദിവസങ്ങൾ കടന്നുപോയി പുതിയ അധ്യാപകന് സ്കൂളിൽ നല്ല അഭിപ്രായമാണ് കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രിയങ്കരൻ. മേളകൾ എല്ലാം ചൂടുപ ിടിച്ച ചർച്ച തിരിഞ്ഞു ആദ്യം ശാസ്ത്രമേള ആണ് പ്രധാന അധ്യാപകൻ എല്ലാം വിശദമായി പറഞ്ഞുതന്നു. ഇതെല്ലാം സ്ഥിരം അല്ലേ എന്ന മട്ടിൽ ഞാനും. എന്തുപറ്റി എപ്പോഴും ഇങ്ങനെ തന്നെയാണ്?. ചോദ്യം തൊട്ടടുത്തുനിന്ന് നമ്മുടെ സൈക്കോളജിസ്റ്റ് ആണ്. എങ്ങനെ എന്ന് ഞാനും ടെൻഷൻ ആണെന്ന് തോന്നുന്നു. ഒന്നും ഇല്ല എന്ന് ഞാനും. അയാളും നിർത്താൻ ഭാവമില്ല കുട്ടികളുടെ മനസ്സ് നോക്കുന്ന ആളാണല്ലോ ഞങ്ങളുടെ സംഭാഷണം നീണ്ടു പോയി കുട്ടികളുടെ മാനസിക പ്രയാസം പരിഹരിക്കുന്ന പോലെ നമ്മളെയും സഹായക്കുന്ന ഒരാളാണല്ലോ ഇയാൾ എന്ന് എനിക്ക് തോന്നി ഒരു പക്ഷെ അധ്യാപിക മാനസികമായി തയ്യാറായാൽ മാത്രം വിദ്യാർഥികളെയും നല്ല രീതിയിൽ വാർത്തെടുക്കാൻ സാധിക്കും എന്ന് എനിക്ക് തോന്നി അയാളോട് വളരെ സംസാരിച്ചപ്പോൾ കുറച്ചു നേരം കൊണ്ട് എന്തോ ഒരു ഊർജ്ജം തിരിച്ചു വന്നതുപോലെ ക്ലാസിൽ പോയി വിദ്യാർഥികളെ കണ്ടു ഒരുപാട് നേരം സംസാരിച്ചു ഓരോരുത്തരും ശാസ്ത്രമേളയ്ക്ക് തയ്യാറാക്കേണ്ടത് എന്താണ് എന്നു സംസാരിച്ചു മനസ്സിന് ഒരു ആശ്വാസം പിറ്റേന്ന് ശാസ്ത്രമേള. പതിവുപോലെ സ്കൂളിലെത്തി എല്ലാവരും തിരക്കിലാണ് നേരെ ക്ലാസിലേക്ക് പോയി അവിടെ എന്നെ ശരിക്കും അത്ഭുതപ്പെടുത്തി കൊണ്ടിരുന്നു എന്റെ മക്ക ൾ ശാസ്ത്രമേള പ്രദർശനം തയ്യാറാക്കിയത് കണ്ട് സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കാത്തത് ആയിരുന്നു എല്ലാവരും പങ്കെടുത്തു ഇരിക്കുന്നു അന്ന് മുഴുവൻ ഞാൻ അവരോടൊപ്പം ചെലവഴിച്ചു ചിരിയും കളിയും എല്ലാമായി. വൈകുന്നേരം റിസൾട്ട് വന്നു എല്ലാവരെയും മാറ്റി നിർത്തി എന്റെ ക്ലാസ്സിനു ഒന്നാം സ്ഥാനം അതുവരെ ഇല്ലാത്ത ഒരു സന്തോഷം ആദ്യമായി നമ്മൾ ചെയ്ത ഒരു കാര്യത്തിന് ഒരു അനുമോദന കിട്ടിയത് വിദ്യാർഥികളെ അഭിനന്ദിച്ചു സന്തോഷിച്ചു സമാധാന ത്തോടെ വീട്ടിലേക്ക് പോകുമ്പോൾ ഞാൻ മനസ്സിൽ വിചാരിച്ചു മാനസിക പിന്തുണ വിദ്യാർഥികൾക്ക് മാത്രമല്ല അധ്യാപകർക്കും അത്യാവശ്യമാണ്.





ശിവനന്ദന
10 B

# അമ്പിളിയാത്ര

> “അവിടെ ആകെ കറുത്ത അന്തരീക്ഷമായിരുന്നു. കാറ്റോ വായുവോ ഇല്ല. അവിടെ ഉള്ള കാഴ്ചകൾ എന്നെ അമ്പരപ്പെടുത്തി. എന്റെ ഭാരം കുറഞ്ഞ് ഞാനൊരു പഞ്ഞിക്കെട്ടുപോലെ ആയതായ് എനിക്കു തോന്നി.”

**ഭൂ**മിയിൽ നിന്നും നോക്കുമ്പോൾ എന്നും എനിക്കൊരു വിസ്മയകാഴ്ചയായിരുന്നു ആകാശം. അതിലേറെ വിസ്മയമായിരുന്നു ചന്ദ്രൻ. കുട്ടിക്കാലം മുതലെ കണ്ട് വളർന്ന അമ്പിളിമാമൻ. എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ചന്ദ്രനിൽ പോവുക എന്നത്. അങ്ങനെ ഒരു ദിവസം വന്നു. അപ്പോളോ II എന്ന വാഹനം ചന്ദ്രനിൽ ഇറങ്ങി. പേടകം അവിടെ ഇറങ്ങുമ്പോൾ അവിടെ ആകെ പൊടി പറക്കുന്നുണ്ടായിരുന്നു. ആ പൊടി അമരാൻ കുറെ സമയമെടുത്തു. ഞാൻ പേടകത്തിൽ നിന്നും ഇറങ്ങി. അവിടെ ആകെ കറുത്ത അന്തരീക്ഷമായിരുന്നു. കാറ്റോ വായുവോ ഇല്ല. അവിടെ ഉള്ള കാഴ്ചകൾ എന്നെ അമ്പരപ്പെടുത്തി. എന്റെ ഭാരം കുറഞ്ഞ് ഞാനൊരു പഞ്ഞിക്കെട്ടുപോലെ ആയതായി എനിക്കു തോന്നി. ഞാൻ മെല്ലെ പൊങ്ങുന്നതുപോലെ എനിക്കു തോന്നി. അവിടെ കണ്ട പാറകളും മണ്ണും ഗർത്തങ്ങളും എന്നെ അത്ഭുതപ്പെടുത്തി. അവിടെ നിന്നും നോക്കിയപ്പോൾ അങ്ങ് ദൂരെ തിളങ്ങുന്ന നീല ഗോളമായ് ഞാൻ ഭൂമിയെ കണ്ടു. നക്ഷത്രങ്ങളെല്ലാം എന്നെ അത്ഭുതപ്പെടുത്തി. കുറച്ചു സമയം ഞാൻ അവിടെ ചിലവഴിച്ചു. പിന്നീട് ഞാൻ നമ്മുടെ ഭാരതത്തിന്റെ പതാക അവിടെ നാട്ടി. എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു നിമിഷമായിരുന്നു അത്.



# അസ്തമയം



പ്രവിദ ആബേൽ
+1

കരിപുരണ്ട ആകാശം. നക്ഷത്രങ്ങൾ മിന്നിമിന്നി കളിച്ചുകൊണ്ടിരുന്നത് അപ്പോഴുണ്ടായികൊണ്ടിരുന്ന അസാധാരണമാം വിധം തോന്നിപ്പിക്കുന്ന മഴ കാരണം അവർക്ക് അത് കാണാൻ സാധിക്കുന്നുണ്ടായിരുന്നില്ല. വിശാലമായ ആ റോഡരികിൽ അവർ ഇരുന്നു. മഴ ആർത്ത് പെയ്യുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കുകയല്ലാതെ അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഹൈവേയിലെ ആ വലിയ പ്രകാശദീപങ്ങളിൽ നിന്നുമുള്ള പ്രകാശം തട്ടി മഴത്തുള്ളികൾ തിളങ്ങുന്നതായി അവർക്കു തോന്നി.

ഇനി ഞാൻ എന്താണു ചെയ്യേണ്ടത്. നിരാശയോടെ അവിടെ അടുത്തുള്ള ബസ്സ് സ്റ്റോപ്പിലേക്ക് കയറി. അവിടെയുള്ള കമ്പിയിൽ ചാരിയിരുന്നുകൊണ്ട് അവർ ആലോചിച്ചു. താനെങ്ങനെയാണ് ഇവിടെ എത്തിയത് ? തന്റെ കൂടെ ഉണ്ടായിരുന്ന മക്കൾ അവരെവിടെപ്പോയി...തുടങ്ങിയ ചോദ്യങ്ങൾ മനസ്സിൽ നിന്ന് ഉയർന്നു വന്നപ്പോൾ അവർക്ക് അതിന് ഉത്തരം ഉണ്ടായിരുന്നില്ല.

അന്ന് തന്നെയു കൊണ്ട് അവർ ഒരു യാത്രചെയ്യാൻ തീരുമാനിച്ചു എന്ന് പറഞ്ഞപ്പോൾ ഞാൻ വളരെ സന്തോഷിച്ചതാണ്. എത്ര സന്തോഷത്തോടെയാണ് ആ യാത്രയിൽ അവരെന്നോട് പെരുമാറിയത്. അന്ന് അവർ തന്നെയും കൊണ്ട് എങ്ങോട്ടാണ് പോകുന്നതെന്ന് പോലും ഞാൻ ചോദിച്ചില്ല. മക്കളുടെയും പേരക്കുട്ടികളുടെയും ഒപ്പമുള്ള ഒരു യാത്ര അത് തന്റെ എക്കാലത്തെയും ഒരു സ്വപ്നമായിരുന്നു. അങ്ങനെ ഒരു യാത്ര ആലോചിച്ചപ്പോൾ തന്നെ തനിക്ക് തന്റെ ആഹ്ലാദം അടക്കാൻ തന്നെ കഴിഞ്ഞില്ല എന്നതാണ് പരമാർത്ഥം. താൻ ഇക്കാലയളവിൽ സന്തോഷിച്ച ഏറ്റവും നല്ല ഒരു ദിവസം അതായിരുന്നു ഇന്ന്. ഉച്ചയ്ക്ക് തന്റെ മകൻ തനിക്ക് ആദ്യമായി ഭക്ഷണം വായിൽ വച്ച് തന്നു. മരുമകൾ നല്ല ഒരു വസ്ത്രം തനിക്കായി സമ്മാനിച്ചു. കൊച്ചുമകൾ എനിക്ക് ഒട്ടേറെ മുത്തങ്ങൾ സമ്മാനിച്ചു. ഇന്ന് ഞാൻ ചെയ്ത എല്ലാ കാര്യങ്ങളും കണ്ട് അവർ എന്നെ ശകാരിക്കാൻ വന്നതു പോലും ഇല്ല. എല്ലാം നിർവികാരമായി കേട്ടു നിന്നതേ ഉള്ളൂ. പിന്നീട് ഒരു നല്ല സംഭവം കാണിച്ചു തരാം എന്നും പറഞ്ഞ് ഈ റോഡിൽ വണ്ടി നിർത്തി അസ്തമിച്ച് കൊണ്ടിരുന്ന സൂര്യനെ എനിക്ക് കാണിച്ചു തന്നു. ശേഷം, പിന്നീട് എന്താ സംഭവിച്ചേ..... ആ സന്ദർഭം ഞാൻ ആസ്വദിക്കുമ്പോൾ അവരെ പിന്നീട് കാണുകയുണ്ടായിരുന്നില്ല. അവർക്കെന്തായിരിക്കും പറ്റിയിട്ടുണ്ടാവുക. ഇനി എന്നെ ഉപേക്ഷിച്ചതാണോ അവർ. എന്തോ എനിക്ക് വല്ലാതെ പേടി തോന്നുന്നു. വല്ലാതെ തണുക്കുന്ന പോലെ. തന്റെ മക്കൾ, താൻ നൊന്തു പ്രസവിച്ച തന്റെ മക്കൾ അവർതന്നെ ഉപേക്ഷിച്ചിരിക്കുന്നു. ഇന്ന് തനിക്ക് നല്ല നല്ല ഓർമകൾ സമ്മാനിച്ചത് ഇങ്ങനെ വഴിയരികിൽ ഉപേക്ഷിക്കാനായിരുന്നോ ? തന്റെ വാർദ്ധക്യവും തന്റെ സംസാരവും ആണോ അവർക്ക് ഭാരമായത് അതോ താൻ തന്നെയോ ? വയ്യ.....വയ്യാതിരിക്കുന്നു...ഇനി ഒന്നും വേണ്ട.....തന്നെ വേണ്ടാത്ത മക്കളെ തനിക്കും വേണ്ട. 'ഇന്ന് അവരെന്നെ ഉപേക്ഷിക്കുമ്പോൾ അവരോർക്കണമായിരുന്നു അടുത്ത നാൾ അവരായിരിക്കും എന്റെ സ്ഥാനത്ത് എന്ന്'.

അവർ മൗനമായി കണ്ണുനീർ പൊഴിച്ചു. അത് അവസാനമായിരുന്നു...ആ കണ്ണുനീരിന്റെയും അവരുടെ ജീവിതയാത്രയുടെയും.

ശുഭ

# അകലാതെ... അകലാം...

കോവിഡ് വ്യാപനത്തെ തുടർന്ന് പുറത്തിറങ്ങാൻ കഴിയാത്ത ആൾക്കാർ വിവരങ്ങളറിയാൻ മാധ്യമങ്ങളെ അഭയം പ്രാപിച്ചു.രാവിലെ മുതൽ വൈകുന്നേരം വരെ വാർത്തകൾ കണ്ട് അതിൽ നിന്നുണ്ടാകുന്ന ഭീതിയിലാണ് എല്ലാവരും .പ്രളയവും നിപ്പയും പോലെ ഇതിനെ മറികടക്കാൻ ഇപ്പോഴത്തെ കണ്ടു പ ിടുത്തങ്ങൾ പോര എന്നമനസ്സിലായി. അതോടെ എല്ലാവരും നിസ്സംഗതയിലേക്ക് മാറി. ഇതും തരണം ചെയ്യാൻ കഴിയും എന്ന് മനസ്സിലാക്കാൻ എന്റെ നാട്ടിലെ കൃഷിക്കാരെ കാട്ടാനകൾ പഠിപ്പിച്ച പാഠമാണ് ഓർമ്മ വരുന്നത്. കാടിനടുത്ത നെൽ വയലിൽ വിളവെടുപ്പ് സമയമാവുമ്പോഴേക്കും ആനകൾ കൂട്ടമായി വന്ന് കുറേയൊക്കെ അവർ ഭക്ഷിക്കുകയും ബാക്കി നശിപ്പിക്കുകയുമാണ് പതിവ്. ഇത് തടയാൻ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന്റെ സഹായത്തോടെ കമ്പിവേലി കെട്ടി ചെറിയ ഷോക്ക് കൊടുത്തിരുന്നു. ആദ്യ ദിവസങ്ങളിൽ ആന വന്ന് തൊടുമ്പോൾ ചെറിയ ഷോക്ക് ഉള്ളത് കൊണ്ട് തിരിച്ച് കാട്ടിലേക്ക് പോയി. പിന്നെ ആന മരക്കമ്പ്കൊണ്ട് വന്ന് വേലി അടിച്ചു നശിപ്പിച്ച് അവർക്ക് വേണ്ട ഭക്ഷണം കഴിച്ചു പോവുന്നതാണ് കാണാൻ കഴിഞ്ഞത്. ഇത് പോലെ നമുക്കും കാലക്രമേണ ഈ മഹാമാരിയെ അടിച്ച് തെറിപ്പിക്കാം എന്ന് പ്രതീക്ഷിക്കാം .അത് വരെ നമുക്ക് 'അകലാതെ...... അകലാം......'

# Teacher

Suresh PE

I am here to lead this world
To the silent elites.
Lead them to the surest ways of success
Verbal skills to soothe the pain.
Exchanging opinions for self sufficient faces.
Help them to achieve golden fruits of hard work.

Break the narrow world of selfishness
Enjoy the pleasure of being together
Ready to join the part of joy and sorrow.
Spread the feathers of self discovery
Deep understanding of harsh realities.
Then the meaning of my life unveiled.

# വേനൽ

ഷാദിയ. പി.വി.
X-A



അമ്മു അടുക്കളയിലേക്കു ചെന്നു
"എന്താ അമ്മൂ"അമ്മ ചോദിച്ചു"

"എനിക്ക് ദാഹിക്കുന്നമ്മേ......"

"അതിനിവിടെ വെള്ളമില്ലല്ലോ മോളേ........ഭക്ഷണമുണ്ടാക്കാൻ പോലും ! ആ വാട്ടർ ടാപ്പിനു കീഴെ ഒരു കുടമെടുത്തു വയ്ക്കാൻ പറഞ്ഞിട്ട് നീ കേട്ടില്ലല്ലോ. തുള്ളിയായി വീഴണ വെള്ളമെങ്കിലും കിട്ടിയേനെ."

ഉമിനീരിറക്കിക്കൊണ്ട് അവൾ അച്ഛന്റെ അടുത്തേക്കു ചെന്നു.
"അച്ഛാ, കുടിവെള്ള വണ്ടി ഇന്നു വരോ"

"മോളെ, അതു കാത്തിരുന്നിട്ടു കാര്യമില്ല നമുക്കിവിടുന്നു മാറി താമസിക്കാം."

"എവിടേക്ക് ?"

"എവിടേക്കെങ്കിലും. വെള്ളമില്ലാതെ ജീവിക്കാൻ പറ്റ്വോ?"

അവൾ കുളിക്കാതെ വിശന്ന വയറുമായി ബാഗെടുത്ത് സ്കൂളിലേക്കു നടന്നു. വഴിക്ക്, ടാപ്പിൽ വെള്ളം വരുന്നതും കാത്ത് പാത്രങ്ങളുമായി നിൽക്കുന്ന സ്ത്രീകളെ കണ്ടു. അവരുടെ കണ്ണുകൾ നിർജ്ജീവമായിരുന്നു. കട്ടൻചായ കൊടുക്കാത്തതിന് ഒരാൾ ഭാര്യയെ ചീത്തവിളിക്കുന്നതു കേട്ടു. ദാഹിച്ചിട്ടാവണം....ഒരു പൂച്ച റോഡിലൂടെ അങ്ങോട്ടു മിങ്ങോട്ടും നടക്കുന്നു.

അവൾ റോഡിന്റെ അരികിലുള്ള തോട്ടിലേക്കു നോക്കി നിറയെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ. കുഴികളിൽ കറുത്ത വെള്ളം കെട്ടിക്കിടപ്പുണ്ട്. അവൾ ചിന്തിച്ചു- നമ്മൾ തന്നെയാണ് പ്രകൃതിയെ മലിനമാക്കിയത്. അതിന്റെ തിരിച്ചടിയാവാം ഈ കടുത്ത വേനൽ. ഭക്ഷണം കഴിക്കാതെ, വെള്ളം പോലും കുടിക്കാതെ താനെന്തിന് സ്കൂളിൽ പോണം ! ഒരൽപം ദാഹജലം എവിടുന്ന് കിട്ടും? അവൾ അടുത്തുകണ്ട ടാപ്പിനരികിലേക്കു ചെന്നു. ടാപ്പ് തുറന്നു. ഒരു ശബ്ദം കേൾക്കുന്നുണ്ട്. വെള്ളം വരുമെന്ന പ്രതീക്ഷയിൽ കാത്തുനിന്നു.

"വണ്ടി വന്നേയ്.......!" സരിതേച്ചി വിളിച്ചു പറഞ്ഞു.

കുടങ്ങളും ബക്കറ്റുകളുമായി ആളുകൾ പല ദിക്കിൽ നിന്നും പാഞ്ഞു വന്നു. വണ്ടിക്കു പിറകിൽ വരിവരിയായി അവർ നിന്നു. അതിനിടയിൽ വെള്ളം തീരാറായി എന്ന് ആരോ പറഞ്ഞു. അതോടെ ആളുകൾ തിക്കും തിരക്കും കൂട്ടി. ചിലരുടെ നിറകുടങ്ങൾ മറിഞ്ഞു. ആകെ കച്ചറ പൊട്ടിച്ചിതറി. ഒടുവിൽ എല്ലാവരും പിറുപിറുത്തുകൊണ്ട് പിരിഞ്ഞുപോയി

അമ്മു വണ്ടിയുടെ അടുത്തേക്കുചെന്നു. വണ്ടിക്കാരന്റെ നേർക്ക് അവൾ ദയനീയമായി ഇരുകൈയും നീട്ടി. സഹതാപം തോന്നിയിട്ടാവണം അയാൾ ടാങ്ക് ചെരിച്ച് ഒരു കപ്പിൽ കുറച്ച് വെള്ളം കോരിയെടുത്തു. അത് അവൾക്കു കൊടുത്തു. അവളതുവാങ്ങി ആർത്തിയോടെ കുടിച്ചു. എന്നിട്ട് നന്ദി പറഞ്ഞു. വണ്ടി വിട്ടുപോയി. ആ പൂച്ച അപ്പോഴേക്കും ഓടിയെത്തിയിരുന്നു

പാവം! അവൾ മുന്നോട്ടു നടന്നു. റോഡിനിരുവശവും വൃക്ഷങ്ങൾ ഉണങ്ങിനിൽക്കുന്നു. വഴിയോരത്ത് ഒരു കിണറു കണ്ട് അവൾ വെറുതെ അതിലേക്ക് എത്തിനോക്കി വെള്ളമില്ല ഒരു കുടം കമഴ്ന്നു കിടക്കുന്നു !



ഡോ. എൻ കെ ശജിത്ത്



# മഹാത്മാ ജ്യോതിബാ ഫൂലെയുടെ വിദ്യാഭ്യാസചിന്തകൾ

1827ഏപ്രിൽ 11 ന് മഹാരാഷ്ട്രയിൽ ജനിച്ച് സ്ത്രീ വിദ്യാഭ്യാസത്തിന്റെയും അധഃസ്ഥിത ജനതയുടെ വിദ്യാഭ്യാസത്തിന്റെയും മുന്നണിപ്പോരാളിയാവുകയായിരുന്നു ഫൂലെ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന മഹാത്മാ ജ്യോതിബാ ഫൂലെ. ഇന്ത്യയിൽ വിധവാ വിവാഹത്തിനും അദ്ദേഹവും ഭാര്യ സാവിത്രിബായ് ഫൂലെയും കഠിനപ്രയത്നം ചെയ്തു. ഇത്തരം വിധവകളെ താമസിപ്പിക്കുന്നതിന് ഒരു സ്ഥാപനവും അദ്ദേഹം ഉണ്ടാക്കി. ഇങ്ങിനെ സ്ത്രീ വിദ്യാഭ്യാസത്തിനും അധഃസ്ഥിത ജനതയുടെ വിദ്യാഭ്യാസത്തിനും അദ്ദേഹം തന്റെ ജീവൻ തന്നെ ഉഴിഞ്ഞു വെച്ചു. 1890 നവംബർ 28 ന് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. എങ്കിലും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ചിന്തകൾക്ക് ഇപ്പോഴും അർഹമായ പ്രാധാന്യം ഇപ്പോഴും ലഭിച്ചിട്ടില്ല എന്നതാണ് സത്യം. ഈ പശ്ചാത്തലത്തിലാണ് ഫൂലെയുടെ വിദ്യാഭ്യാസ ചിന്തകൾ ഇവിടെ പ്രതിപാദിക്കുന്നത്.

ഫൂലെയുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസമില്ലായ്മ, അറിവില്ലായ്മയിലേക്കും; അറിവില്ലായ്മ, നീതിനിഷേധത്തിലേക്കും; ഇവ പുരോഗതിക്ക് തടസ്സമാവുകയും, ആത്യന്തികമായി ഇതെല്ലാം സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ അടിച്ചമർത്തപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം എന്നത്, സാമൂഹിക നീതിയും തുല്യതയും ഉറപ്പ് വരുത്താനുള്ള ഒരുപകരണമാണെന്ന് അദ്ദേഹം ദർശിച്ചു.

വിദ്യാഭ്യാസ നിഷേധത്തെ ഒരു മനുഷ്യാവകാശ പ്രശ്നമായാണ് അദ്ദേഹം കണ്ടത്. തന്മൂലം സാർവദേശീയ വിദ്യാഭ്യാസം എന്ന ആശയത്തെ അദ്ദേഹം ഉയർത്തി പിടിച്ചു. അതായത് വിദ്യാഭ്യാസം എന്നത് ജാതിയുടെയോ, മതത്തിന്റെയോ, ലിംഗഭേദത്തിന്റെയോ, ശാരീരിക ക്ഷമതയുടെയോ പരിഗണനകൾക്കപ്പുറത്ത്എല്ലാവർക്കും ലഭ്യമാകണമെന്ന് അദ്ദേഹം വാദിച്ചു. ഇന്ത്യൻ ഭരണഘടനയുടെ തുല്യതക്കുള്ള അവകാശം ഡോ:അംബേദ്കർ സ്ഥാപിച്ചപ്പോൾ ഫൂലെയുടെ ദർശനത്തിന്റെ വിജയമാണ് നാംകണ്ടത്.

## ഹണ്ടർ കമ്മീഷനും ഫൂലെയും

വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് ഫൂലെ, ഹണ്ടർ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ട് വിദ്യാഭ്യാസത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ദീർഘവീക്ഷണം വ്യക്തമാക്കുന്നു. ഇത് ഇന്ത്യയിലെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പിലാക്കണമെന്നാണ് ഇതിലൂടെ അദ്ദേഹം വാദിച്ചത്. ഫൂലെക്കും ശേഷമാണ് ഗാന്ധി സൗജന്യ വിദ്യാഭ്യാസത്തെ പറ്റി പറയുന്നതെന്നും നാം ഇവിടെ ചേർത്ത് വായിക്കേണ്ടതാണ്.

## പ്രാഥമിക വിദ്യാഭ്യാസവും മാസ്സ് എജുക്കേഷനും

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുപറഞ്ഞു. പ്രാഥമിക വിദ്യാഭ്യാസം എല്ലാവരിലും എത്തിക്കുന്നതിന് വേണ്ടി ' മാസ്സ് എജുക്കേഷൻ '

അഥവാ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ആശയം അദ്ദേഹം ഉയർത്തിപ്പിടിച്ചു. പിൽക്കാലത്ത് ഇന്ത്യയിൽ വന്ന പല വിദ്യാഭ്യാസ കമ്മീഷനുകളും മാസ് എജുക്കേഷന്റെ ആവശ്യകത എടുത്തുപറഞ്ഞു എന്നതും ഫൂലെയുടെ പ്രാധാന്യം വർധിപ്പിക്കുന്നു. ജനങ്ങളിൽ നിന്നും നികുതിയായി പിരിക്കുന്നതിന്റെ പ്രധാനഭാഗം വിദ്യാഭ്യാസത്തിനായി ചിലവഴിക്കണമെന്ന് അദ്ദേഹം വാദിച്ചു. പ്രാഥമികാദ്ധ്യാപകർ ട്രെയിനിങ് ലഭിച്ചവരായിരിക്കണം എന്ന് അക്കാലത്തുതന്നെ അദ്ദേഹം വാദിച്ചു. അതോടൊപ്പം തന്നെ ഏറ്റവും കൂടുതൽ ശമ്പളം ലഭിക്കേണ്ട വിഭാഗമാണ് അദ്ധ്യാപകർ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ന് ഏറ്റവും കൂടുതൽ പണം അദ്ധ്യാപകർ കൊണ്ടുപോകുന്നു എന്ന് രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ ചർച്ച നടക്കുമ്പോൾ ഇത് വളരെ ശ്രദ്ധേയമാണ്.

### മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്നത് വെറും അറിവ് നേടുക എന്നത് മാത്രമല്ല മറിച്ച് സ്നേഹം കരുണ എന്നിവ വളർത്തുക എന്നതുകൂടിയാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഉന്നത കാഴ്ചപ്പാടുള്ള , വിദ്യാസമ്പന്നരായ വ്യക്തികൾ മാനവികത കാത്തു സൂക്ഷിക്കുമെന്നായിരുന്നു ഫൂലെയുടെ ദർശനം. വിദ്യാഭ്യാസം ഇന്ത്യൻ ജനതയിൽ സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും വിത്ത് പാകുമെന്ന് അദ്ദേഹം നോക്കിക്കണ്ടു. ഫൂലെയുടെ ഈ ഉൾക്കാഴ്ചയാണ് അംബേദ്കറുടെയും മറ്റും രൂപപ്പെടലിലേക്ക് നയിച്ചത്. അംബേദ്കർ തന്റെ ഗുരുക്കന്മാരായി നോക്കിക്കണ്ട ബുദ്ധനോടും , കബീറിനോടും ഒപ്പം ചേർത്ത വെച്ച വ്യക്തിത്വമാണ് ഫൂലെ എന്നതും ഇവിടെ ചേർത്തുവെക്കാം.


### പാഠ്യവിഷയത്തെ പറ്റി ഫൂലെ

ഒരു സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിൽ പ്രായോഗികവും ഉപകാരപ്രദവുമാവണം പാഠ്യവിഷയങ്ങൾ എന്നതായിരുന്നു ഫൂലെ മുൻപോട്ട് വെച്ച ആശയം ഈ ആശയം തന്നെയാണ് പിന്നീട് ഗാന്ധിയും മുറുകെപ്പിടിച്ചത്. കാർഷികവൃത്തിയെ കുറിച്ചും ആരോഗ്യത്തെ കുറിച്ചും സ്കൂൾ തലത്തിൽ പഠിപ്പിക്കണമെന്ന് അദ്ദേഹം ദർശിച്ചു. വിദ്യാഭ്യാസം എന്നത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, ദയ, രാജ്യസ്നേഹം, അന്താരാഷ്ട്രബന്ധം എന്നീ മൂല്യങ്ങൾ വളർത്താൻ കഴിയുന്ന ഒന്നായിരിക്കണം എന്ന് അദ്ദേഹം വാദിച്ചു. ഇതിനു സഹായകമാവണം പാഠ്യവിഷയങ്ങളും. ഇത്തരം മൂല്യങ്ങളാണ് പിൽക്കാലത്ത് സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസകമ്മീഷനുകളും ഉയർത്തിപ്പിടിച്ച മൂല്യങ്ങളും "ഫിൽട്ടറേഷൻ തിയറി" യെ വിമർശിക്കുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ നയത്തെ അദ്ദേഹം എതിർത്തു. അക്കാലത്തെ ഒരു പ്രധാന വിദ്യാഭ്യാസ നയമായിരുന്നു മെക്കാളെ മുൻപോട്ടുവെച്ച 'ഫിൽട്ടറേഷൻ തിയറി'. അതായത് ഇന്ത്യൻ സമൂഹത്തിന്റെ മേലെ തട്ടിലുള്ളവർക്ക് മാത്രം വിദ്യാഭ്യാസം കൊടുത്താൽ മതിയെന്നും അവരിൽ നിന്ന് അത് അരിച്ചിറങ്ങി താഴേക്കിടയിലെത്തുമെന്നുമായിരുന്നു ഈ സിദ്ധാന്തം. എന്നാൽ ഇന്ത്യയുടെ സാമൂഹിക പശ്ചാത്തലത്തിൽ ഇത് പ്രായോഗികമല്ലെന്ന് ഫൂലെ അഭിപ്രായപ്പെട്ടു. ഈ വിദ്യാഭ്യാസനയം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ അവഗണിക്കുന്ന ഒന്നാണെന്ന് അദ്ദേഹം നോക്കിക്കണ്ടു. ഇതിലെല്ലാമുപരി അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സ്കോളർഷിപ്പുകൾ നൽകണമെന്നും ആവശ്യപ്പെട്ടു. ഇത് ഗവൺമെന്റിനോട് ആവശ്യപ്പെടുക മാത്രമല്ല അത് അദ്ദേഹം താഴെക്കിടയിലുള്ള കുട്ടികൾക്ക് സ്വന്തം സ്കൂളിൽ നടപ്പിലാക്കുകയും ചെയ്തു.

### സ്ത്രീവിദ്യാഭ്യാസത്തിൽ ഫൂലെയുടെ പങ്ക്

സ്ത്രീ വിദ്യാഭ്യാസത്തിനും അധഃസ്ഥിത ജനവിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തിന് അഹോരാത്രം പ്രയത്നിച്ച മനുഷ്യസ്നേഹിയാണ് ഫൂലെ. തന്റെ ഭാര്യ സാവിത്രിഭായിയെ അദ്ദേഹം വിവാഹത്തിനുശേഷം വിദ്യാഭ്യാസം ചെയ്യിക്കുകയും അതിനുശേഷം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നതിനുവേണ്ടി സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇത് ഇന്ത്യാചരിത്രത്തിലെ നാഴികക്കല്ലായിമാറുകയായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ വനിതാ അധ്യാപിക സാവിത്രിഫൂലെയാണ് എന്നത് പലരും വിസ്മരിക്കുന്ന ഒന്നാണ്. ഇന്ത്യയിലെ ഓരോ സ്ത്രീയും കടപ്പെട്ടിരിക്കുന്നു ഫൂലെയോടും സാവിത്രിഭായ് ഫൂലെയോടും.

പ്രായോഗിക വിദ്യാഭ്യാസത്തിനു നൽകിയ സംഭാവനക്ക് ബ്രിട്ടീഷ് ഗവൺമെന്റിന്റെ കയ്യിൽ നിന്നും ബഹുമതി വാങ്ങിയ വിദ്യാഭ്യാസ-സാമൂഹിക പ്രവർത്തകനും ചിന്തകനുമായിരുന്നു ജ്യോതിബാ ഫൂലെ. സ്ത്രീവിദ്യാഭ്യാസം സാർവ്വദേശീയ വിദ്യാഭ്യാസം സൗജന്യ വിദ്യാഭ്യാസം നിർബന്ധിത വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് ഇന്നും ഇന്ത്യയിൽ പ്രസക്തിയുണ്ട് എന്നത് എടുത്ത് പറയേണ്ട ഒന്നാണ്. ഇന്ത്യയിലെ സ്ത്രീ വിദ്യാഭ്യാസം എന്നത് ഫൂലെയുടെ ചരിത്രമില്ലാതെ അപൂർണമായിരിക്കും. ഈ പ്രാധാന്യമാണ് മുഖ്യധാര "വിദ്യാഭ്യാസ വീക്ഷണന്മാർ" അവഗണിച്ചിട്ടും അദ്ദേഹത്തെ "മഹാത്മാ ഫൂലെ" ആക്കി മാറ്റിയത്.



**അർഷിത.കെ**
X-B

# പെണ്ണായാലെന്താ ?




ഡോ.കെ.ശ്രീകുമാറിന്റെ പുതിയകാലത്തെ കുട്ടികളുടെ ലോകം അനാവരണം ചെയ്യുന്ന പത്ത് മൗലിക കഥകൾ അടങ്ങിയ പുസ്തകം. കേന്ദ്രസാഹിത്യ അക്കാദമി, ബാലസാഹിത്യ പുരസ്കാരം നേടിയ എഴുത്തുകാരന്റെ ഏറ്റവും പുതിയ കൃതി.

സമകാലികരംഗത്ത് ഏറെ പ്രസക്തി ഉള്ള കൃതിയാണിത്. സ്ത്രീ- പുരുഷ വേർതിരിവ് ഇല്ലാതാക്കാൻ സഹായിക്കുന്ന കൃതി. ഇതിലെ ഓരോ കഥകളും ഇപ്പോഴത്തെ ജനതയുടെ ജീവിതത്തെ ആസ്പദമാക്കിയാണ്. ഇതിലെ ഓരോ കഥ വായിക്കുമ്പോഴും നാം തുറന്ന് പറയാൻ ആഗ്രഹിച്ച ചിലതൊക്കെ സമൂഹത്തിന് മുന്നിലേക്ക് രചയിതാവ് തുറന്ന് കാണിക്കുന്നത് പോലെ തോന്നുന്നു. നമ്മുടെ എല്ലാം മുത്തശ്ശിമാരുടെയും, മുത്തശ്ശൻമാരുടെയും കാലത്തുള്ള ആളുകളുടെ അന്ധവിശ്വാസങ്ങളും വിചാരങ്ങളും ഇപ്പോഴും നമ്മുടെ തലമുറയിലെ ആളുകളും പിൻപറ്റുന്നുണ്ട്. ഇത്തരം വിശ്വാസങ്ങളിൽ നിന്ന് നാം എന്നോ മോചിതരാകേണ്ടതായിരുന്നു. മനുഷ്യൻ ഏത് ലിംഗ വിഭാഗത്തിൽ പെട്ടാലും ഭൂമിയിൽ തുല്യ അവകാശമുള്ളവരാണെന്ന് വിശദീകരിക്കുന്ന ഇതിലെ 10 കഥകളും ഒന്നിനൊന്ന് മികച്ചതാണ്.

സ്ത്രീ പുരുഷ വിവേചനം കുട്ടികൾക്കും ഇടയിൽ ഉണ്ടെന്ന് തുറന്ന് കാണിക്കുന്ന കൃതി. ആൺകുട്ടികൾക്ക് ഏത് തരത്തിലുള്ള വസ്ത്ര ധാരണ, നേതൃത്വ സ്ഥാനം അവൻ മുതിർന്നാൽ കുടുംബനാഥൻ, എന്നാൽ പെൺകുട്ടി ചെറിയ പ്രായത്തിൽ തന്നെ കേൾക്കുന്ന ഒന്നാണ് ' നീയൊരു പെണ്ണല്ലേ' ........... അടങ്ങിയൊതുങ്ങി ഇരിക്ക്, ശബ്ദം കുറച്ച് സംസാരിക്ക് ' എന്നൊക്കെ. പെൺകുട്ടികൾ കൂട്ടിലടച്ചിട്ട പക്ഷികളെ പോലെ കഴിയുന്നത് കാണാനാണ് സമൂഹം ആഗ്രഹിക്കുന്നത്. ഇത്തരം ആഗ്രഹങ്ങളും വിചാരങ്ങളും പാടെ കീറി നശിപ്പിക്കുന്ന കഥകളാണ് ഈ കൃതിയിൽ. സ്ത്രീയെക്കാൾ മികച്ചതാണ് പുരുഷൻ എന്ന ധാരണ നാം തിരുത്തിയേ തീരൂ. ആണും പെണ്ണും ചേർന്ന് നടത്തുന്ന പ്രവർത്തനമേ ഇതുവരെ വിജയിച്ചിട്ടുള്ളൂ. ആരുടെയും ലിംഗത്തിലല്ല പ്രാധാന്യം അവരുടെ കഴിവിലും പ്രവൃത്തിയിലുമാണ്. പെൺകുട്ടികൾ ആയാലും ആൺകുട്ടികൾ ആയാലും അവരുടെ കഴിവുകൾ അംഗീകരിക്കുക. അവർക്ക് തുല്യ സ്വാതന്ത്ര്യവും സമത്വവുമാണ്. പെൺകുട്ടികൾ കൂട്ടിലടച്ചിട്ട പക്ഷികളെ പോലെ വളരേണ്ടവരല്ല... അവരും ഈ ലോകത്ത് പാറിപറക്കട്ടെ കഴിവുകൾ തെളിയിക്കട്ടെ......പെൺകുട്ടി, ആൺകുട്ടി.....എന്നില്ല. കുട്ടികൾ മാത്രം...

ഈ ഒരു കൃതിയിലെ 10 മൗലികകഥകളിലും നാം പറയാൻ ആഗ്രഹിച്ച കുറയൊക്കെ കാര്യങ്ങൾ രചയിതാവ് സമൂഹത്തോട് വിളിച്ചോതുന്നു. ഏത് കാര്യത്തിലും ആൺ-പെൺ വ്യത്യാസം കാണിക്കുന്ന സമൂഹത്തിനുള്ള ഒരു തിരിച്ചടി തന്നെയാണിത്. ഏറെ ഹൃദയസ്പർശിയായ ഈ കൃതി





FATHIMA RISHIN.M.P
X - A

# MERITS AND DEMERITS OF SOCIAL MEDIA

Our society is growing with social media. As there is updations in social media, people are trying to change their life style. Social media have a crucial role in the life of one and all from children to adults. However it has lots of merits and demerits.

As I said before it has a big role in life changing, a life without social media become unacceptable. It is too helpful for society in so many ways such as studying, for updated news and goes on. The role of social media in education is indescribable because a lot of various tuitions and specialized classes are available in it for each branches of graduation. In my opinion, using social media for such educational things are too helpful to such people who are ready to know that deeply after we are active in social media we are updated about what is happening around us. The incidents happening at each corner of the world is a opened live news for everyone in world and help to knows someone's life. We can share our everything to our society through it. Communication is the other important thing. We have the facility to communicate with friends and family wherever they are and it is a good option for showing our talents towards the world. It help to earn money and it help to choose appropriate answers for questions of life and of graduation. Those who like to move with trend can interact with social media. Each and every choices of ours are available in it. The songs and stories and visuals and films etc.....in short it help to being updated at every branches of life.

Moreover it depends upon the way how we use it. As the merits there are so many disadvantages for social media. It is a addictive one. So if someone want something new, there are so many visuals and traps. Social media is a goof trap. Everyone should be aware of their privacy while using it. Because there is no security for no one. The traps through social media become worldwide. So, each photos and audio want to be safe. So try to use it carefully. Other than that, it bring someone with bad relationship by helping in communication and some more fake news and rumors will leak through it. It makes impact on peoples. Too addictive persons can't improve or concentrate at their studies hacking and cyber attacking. Utilization of photos in a bad way and causes some health issues if we use over

Like someone says "what you done determines what is going to happening for you". So that's all . in my vision social media have merits only if we manage it well. So everything is in our hands. So I wouldn't like to say anything bad about it. Try to being aware from its disadvantages. Use it for your good. I will be good helper



# ഡിജിറ്റൽ ഗുരുത്വം

**മുഹമ്മദ് പി.**
എൻ.എൻ.എം.എച്ച്.എസ്.എസ്

ലോകം കോവിഡ് മഹാമാരിയുടെ കരാള ഹസ്തത്തിൽ അകപ്പെട്ട ഈ വർത്തമാന കാലത്ത് മനുഷ്യന്റെ നിഖില മേഖലയിലും വന്ന സമൂലമായ മാറ്റങ്ങളെ കുറിച്ച് അനുദിനം ചർച്ച ചെയ്യപ്പെടുമ്പോൾ അതിലൊരു പ്രധാന കണ്ണിയായി അധ്യാപകനും വിദ്യാഭ്യാസവും സ്ഥാനം പിടിക്കുന്നു. എല്ലാം മാറ്റങ്ങൾക്ക് വിധേയമായപ്പോൾ വിദ്യാഭ്യാസരംഗവും മാറ്റം ഉൾക്കൊണ്ടു. മഹാമാരി വരുന്നതിന് മുമ്പ് തന്നെ അധ്യാപകനെ ഫെസിലിറ്റേറ്റർ എന്നും മെന്റർ എന്നും വിളിക്കാൻ തുടങ്ങിയിരുന്നു. ഇന്ന് ഏറ്റവും യോജിച്ച പേരും അത് തന്നെ. പൊതു വിദ്യാഭ്യാസ രംഗത്തും പ്രയോജനപ്പെടുത്തേണ്ടി വരുമെന്ന് മുൻകൂട്ടി കണ്ടപോലെ സർക്കാറും വിദ്യാഭ്യാസ വകുപ്പും ഓൺലൈൻ പഠനം സാധ്യമാക്കാനുതകുന്ന പ്രവർത്തനങ്ങളുമായി ബഹു ദൂരം സഞ്ചരിച്ചു എന്നത് നമുക്ക് ഏറെ ആശ്വാസകരം തന്നെ.പ്രതികൂല സാഹചര്യമല്ലാതിരുന്ന കാലത്ത് തന്നെ ഓൺലൈൻ സംവിധാനത്തിലൂടെ ക്ലാസുകളും ട്രൈനിംഗുകളും പത്തു വർഷം മുമ്പ് തന്നെ നമ്മുടെ രാജ്യത്ത് നടന്നു കൊണ്ടിരിക്കുന്നു. ഇനി ഏത് സാഹചര്യവും തരണം ചെയ്യാൻ ഒരു പടി മുന്നിലെത്തി നിൽക്കുന്നു എന്നൊക്കെ നമുക്ക് അഭിമാനിക്കാമെങ്കിലും ആദ്യ കാലത്തെ ഗുരുകുല വിദ്യാഭ്യാസത്തിൽ തുടങ്ങി ഇന്നത്തെ ഓൺലൈൻ വരെ എത്തി നിൽക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഗുരു അകലെയാണെങ്കിലും ഗുരുത്വവും അകലെയാണെന്ന് നമുക്കറിയാം. ഭാരത പാശ്ചാത്തലത്തിൽ ഗുരുവും പഠിതാവും തമ്മിലുള്ള ബന്ധം അനിഷേധ്യമാണ്.

വിദ്യാഭ്യാസത്തെ ക്കുറിച്ച് പറയുമ്പോൾ

ന ചോര ഹാര്യം ന ചരാജഹാര്യം ന ഭ്രാതൃഭാജ്യം ന ച ഭാരകാരി
വ്യയേ കൃതേ വർദ്ധത ഏവ നിത്യം വിദ്യാധനം സർവ്വധനാത് പ്രധാനം.

ഇതിൽ അവസാന വരി മാത്രമാണ് നാം സ്ഥിരമായി കേൾക്കാറുള്ളത്. വിദ്യ എന്ന ധനം കള്ളൻമാർ മോഷ്ടിക്കില്ല, രാജാവ് മോഷ്ടിക്കില്ല, സഹോദരന് ഭാഗിച്ചു കൊടുക്കേണ്ടതില്ല, ഒട്ടും ഭാരമില്ലാത്തതും എത്ര ചെലവാക്കിയാലും വർദ്ധിക്കുകയേ ഉള്ളൂ എന്നതിനാലും ആണ് വിദ്യ സർവ്വ ധനത്തേക്കാളും പ്രധാനമാവുന്നത്.

വിദ്യാഭ്യാസ കാര്യത്തിൽ ഒരാളിൽ ഫ്രോൻറലോബ് വികസന കാലം വരെ ഗുരുവും ഗുരുമുഖത്തു നിന്നുള്ള വിദ്യാ സമ്പാദനവും വളരെ പ്രധാനമാണ്. ഓൺലൈൻ പഠനമെന്നത് സംസ്കാരവും ധർമ്മവും പകർന്ന് നൽകാൻ പര്യാപ്തമല്ല. അധ്യാപകനെ നേരിൽ കാണുന്ന ശിഷ്യനിൽ കാണുന്ന പരിവർത്തനം ഓൺലൈനിൽ സാധ്യമല്ല താനും. ഓൺലൈൻ എന്നത് മഹാമാരിക്കാലത്തെ ഒരു ബദൽ സംവിധാനമാണെങ്കിലും സ്ഥിരമായി പ്രയോഗവൽക്കരിക്കാൻ ഉപയുക്തവുമല്ല. ഫ്രൻറലോബ് വികസനം എന്നത് ഒരാളിൽ ഇരുപത്തിമൂന്ന് വയസ്സെങ്കിലും പ്രായമാവണമെന്നാണ് മനശാസ്ത്രജ്ഞന്മാരുടെ വിലയിരുത്തൽ. അതിന് ശേഷമാവാം ഇനി കുട്ടികൾക്ക് ഓൺലൈൻ പഠനം തെരഞ്ഞെടുക്കൽ.

# കുട്ടി പഠിപ്പിച്ച പാഠം

**അർജുൻ**
എൻ.എൻ.എം.എച്ച്.എസ്.എസ് ചേലേമ്പ്ര.

യൂണിവേഴ്സിറ്റി കോഫി ഹൗസിൽ ചായ കുടിക്കാൻ കയറാൻ നേരത്ത് ആണ് അവനെ കണ്ടത്. റാഷിദ് ഹുസൈൻ ക്ലാസിലെ പഠിക്കാൻ മിടുക്കനായ, എന്നാൽ പൊതുവെ സൈലൻറായ, അതേ സമയം നാടകം, സ്കിറ്റ്, മുതലായവ എഴുതുന്നതിലും സംവിധാനിക്കുന്നതിലും മിടുക്കനായ പ്ലസ് ടുക്കാരൻ. ''ടോ'' വാ ഒരു ചായ കുടിച്ചിട്ട് പോവാം. പൊതുവെ വിദ്യാർത്ഥികളോട് ഫ്രണ്ട് ലിയായി പെരുമാറുന്ന, തിരിച്ചും അങ്ങനെ പെരുമാനറാൻ അവസരം നൽകുന്ന ഞാൻ വിളിച്ചപ്പോൾ മടി കൂടാതെ അവൻ വന്നു. രണ്ട് മസാല ദോശയും ചായയും ഓർഡർ ചെയ്തു കാത്തിരിക്കുമ്പോൾ, വെറുതെ കുശലാന്വേഷണത്തിനിടയിൽ അവനേ ാട് ചോദിച്ചു.' എങ്ങിനെയുണ്ടടോ ക്ലാസൊക്കെ?, ഒരു ചളിഞ്ഞ ചിരിയും ചിരിച്ച് ഒരു ഒഴുക്കൻ മട്ടിൽ അവൻ കുഴപ്പമില്ല എന്ന് പറഞ്ഞു. അവന്റെ ക്ലാസിലെ ബഹു ഭൂരിപക്ഷം കുട്ടികളും പഠനകാര്യത്തിൽ പുറകിലാണ്. പ്രത്യേകിച്ചും ഇംഗ്ലീഷിൽ. അതുകൊണ്ട് തന്നെ കുറച്ച് കൂടി സീരിയസായി, ആത്മാർത്ഥമായി ചോദിച്ചു. എന്താടോ ക്ലാസിനെ കുറിച്ചുള്ള അഭിപ്രായം? എന്താണ് ഫ്രണ്ട്സ് ഒന്നും പ ഠിക്കാത്തത്?. അവരുടെ ഒക്കെ അഭിപ്രായം എന്താണ്?, അത്യാവശ്യം നന്നായി ക്ലാസെടുക്കാൻ കഴിവുണ്ട് എന്ന അഹംബോധം ഉള്ളിലുള്ളതിനാൽ 'ഇംഗ്ലീഷ് ഒക്കെ സൂപ്പർബ് ആണ് സാറെ ബാക്കി വിഷയങ്ങളാ കുഴപ്പം '' എന്ന ഒരു മറുപ ടിയാണ് പ്രതീക്ഷച്ചത്. ''സത്യം പറയാലോ സാറേ പരമ ബോറാണ്'' ബലൂൺ കാറ്റൊഴിഞ്ഞ പോലെ ഉള്ളിലുള്ള എന്തോ ഒഴിഞ്ഞുപോയി. 'കാര്യം വ്യക്തമാക്കി പറയെടോ. തനിക്ക് എന്നോട് എന്തും പറയാം ' നിർബന്ധത്തിനൊടുവിൽ അവൻ പറഞ്ഞു. സാറേ ക്ലാസിൽ ടെക്സ്റ്റ് വായിച്ച് ഇങ്ങനെ വിശദീകരിക്കുന്നത് അറുബോറാണ്. ഞാനൊക്കെ ബോറ ടിച്ച് ചാവലാണ്. ഭുരിപക്ഷവും അങ്ങനെ യാണ് അറ്റ്‌ലീസ്റ്റ് ബോയ് എങ്കിലും ''എന്നിട്ടെന്താടോ അഭിപ്രായം എഴു താൻ പറയുമ്പോ ഇതൊന്നും എഴുതാ ത്തത്? ''അത് സാറിന് ഞങ്ങളെക്കുറിച്ച് ഒരു Bad impression വരാതിരിക്കാ നാണ്.'' ''Bad impression എങ്ങിനെ ഉണ്ടാവാനാ? നിങ്ങൾ പേരൊന്നും വെക്കുന്നില്ലല്ലോ'' ''എന്റെ സാറേ സാറത് കയ്യക്ഷരം നോക്കി ആളെപ്പിടിക്കും എന്ന് എല്ലാവർക്കും അറിയാ'' (സത്യത്തിൽ അങ്ങനെ ഒരുദ്ദേശമേ ഇല്ലായിരുന്നു)

താൻ തന്റെ suggestion പറയെടോ. നന്നായി പഠിക്കുന്ന ആളല്ലേ താനാ ണെങ്കിൽ എങ്ങിനെ ക്ലാസെടുക്കും?

''സാറേ ഈ ഇംഗ്ലീഷ് എന്തിനാ പഠിപ്പിക്കുന്നെ ഇംഗ്ലീഷ് ഡലെ ചെയ്യാൻ പ ഠിക്കാനല്ലേ. ഈ കഥകളും കവിതകളും ആശയം മലയാളത്തിൽ പഠിപ്പിച്ചാൽ എങ്ങിനെയാ ഇംഗ്ലീഷ് ശരിയാവാ... ക്ലാസിലെ മലയാളം പഠിക്കുന്ന കുട്ടികൾ ആ ടെക്സ്റ്റ് തലേന്ന് പഠിച്ച് എക്സാമിന് നല്ല മാർക്ക് വാങ്ങുന്നത് കണ്ടില്ലേ സാറ്. അത് എങ്ങിനെയാ? അവർക്ക് ഭാഷ കയ്യിലുണ്ട് ക്ലാസിൽ കുട്ടികൾക്ക് ഭാഷ കയ്യിലാവാൻ ഉള്ള ആക്ടിവിറ്റീസ് കൊടക്ക് സാറേ ക്രിയേറ്റീവ് ആയി ആക്ടിവിറ്റീസ് പിന്നെ സിറ്റുവേഷൻ നോക്കി സംസാരിക്കാൻ പഠിപ്പിക്കാ...അതൊക്കെ... ടെക്സ്റ്റ് എക്സാം അടുക്കുമ്പോ അവർ സ്വയം എഴുതിക്കോളും ഇരുന്ന ഇരുപ്പിൽ തളർന്നു പോയി. സിലബസ്, പരീക്ഷകൾ, രക്ഷിതാക്കൾ, മന്തിലി പ്ലാൻ, യൂണിറ്റ് പ്ലാൻ എന്നൊക്കെ പറയാം. പക്ഷേ അതിൽ എന്ത് ന്യായമാണുള്ളത് എന്നോർത്തപ്പോൾ പറയണ്ടാ എന്ന് കരുതി. എല്ലാം വിദ്യാർത്ഥികൾ മെച്ചപ്പെടാൻ വേണ്ടിയാണ്. അവർ പറഞ്ഞതാണ് ശരി. തല കുലുക്കി പക്ഷെ മറുത്ത് പറയാതിരിക്കാൻ മനസ്സ് അനു വദിച്ചില്ല. ഒരുപാട് ചട്ടക്കൂടുകൾക്കുള്ളിലാണ് അധ്യാപകനെന്നും രക്ഷിതാക്കളും മുകളിലുള്ളവരും പ്രതീക്ഷിക്കുന്ന സമയത്ത് സിലബസ് തീർക്കണമെന്നും ഒക്കെ പറഞ്ഞ് തടി കയിച്ചിലാക്കി. പക്ഷെ അവൻ പറഞ്ഞത് ഹൃദയത്തിൽ ആഴത്തിൽ തറച്ചിരിക്കുന്നുണ്ടായിരുന്നു. ഒരിക്കലും പറിച്ചു മാറ്റാൻ പറ്റാത്ത വിധം.


NARAYANAN NAIR MEMORIAL HIGHER SECONDARY SCHOOL
CHELEMBRA